മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*451)

## കേരള പോലീസിന്റെ പ്രവർത്തനം

1 (*451) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ .ഡി .പ്രസേനൻ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച ക്രമസമാധാനപാലനശേഷിയും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള മികവും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സേവനം ലഭ്യമാക്കുന്നതിനുമുള്ള പ്രാപ്തിയും കൈവരിച്ചതിലൂടെ കേരള പോലീസ് രാജ്യത്തിനുതന്നെ മാതൃകയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സേനയുടെ ശോഭ കെടുത്തുന്ന വിധത്തിൽ വകുപ്പിലെ ചില ഉദ്യോഗസ്ഥർ നടത്തുന്ന പ്രവർത്തനങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട് സേനയുടെ മികച്ച പ്രവർത്തനങ്ങൾക്ക് കളങ്കം വരുത്തുന്ന തരത്തിലുള്ള പ്രവണത കർശനമായി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഏറ്റവും നല്ല ക്രമസമാധാന നിലയുള്ള, കുറ്റാന്വേഷണ മികവുള്ള സംസ്ഥാനമായി കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. മനുഷ്യാവകാശങ്ങൾ മാനിച്ചുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കി, ന്യായവും നിഷ്പക്ഷവുമായി നീതി നടപ്പിലാക്കി, ജനങ്ങളോടൊത്തുചേർന്ന് പ്രവർത്തിക്കുകയും അതുവഴി സംസ്ഥാനത്തിന്റെ ക്രമസമാധാനം കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന മികച്ച സേനയാണ് കേരളത്തിന്റേത്. ജനാധിപത്യ മൂല്യം ഉൾക്കൊള്ളുന്ന സേവനസന്നദ്ധരായ മികച്ച പ്രൊഫഷണലുകളെ സൃഷ്ടിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. നമ്മുടെ ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ് പോലീസ്, കടലോര ജാഗ്രതാ സമിതി, വനിതാ പോലീസ് വിഭാഗം, ആദിവാസി സമൂഹത്തിൽനിന്നുള്ള പ്രത്യേക നിയമനങ്ങൾ, ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ എന്നിവ ഈ

ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള ശക്തമായ ഇടപെടലുകളാണ്. സാമൂഹ്യ മാധ്യമ ഇടങ്ങളിൽ സാമ്പ്രദായിക രീതിയിൽനിന്ന് വിഭിന്നമായി പോലീസിന്റെ മീഡിയ വിഭാഗം നടത്തിവരുന്ന പ്രചാരണം ലോകത്തിന്റെ വിവിധ കോണുകളിലുള്ളവരുടെ അംഗീകാരം നേടിയിട്ടുണ്ട്. പോലീസിന്റെ ഇൻസ്റ്റഗ്രാം അക്കൗണ്ട് 1.9 മില്ല്യൺ ഫോളോവേഴ്സ് എന്ന അസാധാരണ നേട്ടവും സ്വന്തമാക്കിയിട്ടുണ്ട്.

ലോകത്തൊട്ടാകെ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. നമ്മുടെ നാട്ടിലും ഇത്തരം കെണികളിൽപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇത് കണക്കിലെടുത്ത് പുതിയതായി രൂപം കൊടുത്ത സൈബർ പോലീസ് ഡിവിഷൻ ഈ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തിവരുന്നത്.

സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള നിരവധി പേരാണ് പോലീസ് സേനയിലേക്ക് പുതിയതായി കടന്നുവരുന്നത്. ഇവരുടെ സേവനം വിനിയോഗിച്ച് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റാന്വേഷണങ്ങളിലും മറ്റും അതിവേഗം ഫലപ്രാപ്തി ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി&സി) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികളും നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. 2016 മുതൽ 2024 മേയ് 31 വരെ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടതിന്റെ പേരിൽ 108 പോലീസ് ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടിട്ടുണ്ട്. അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം എന്നിങ്ങനെ ആരോപണവിധേയമായ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നുണ്ട്. ക്രിമിനൽ ബന്ധങ്ങളുണ്ടെന്ന് കണ്ടെത്തിയാൽ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന മുന്നറിയിപ്പ് എല്ലാ പോലീസുദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, മികച്ച പ്രകടനത്തിലൂടെ രാജ്യത്തിനാകെ അഭിമാനകരമാകുന്ന നിലയിൽ നമ്മുടെ പോലീസ് സേന പ്രവർത്തിക്കുന്നുവെന്നതിൽ ഓരോ മലയാളിക്കും അഭിമാനിക്കാവുന്നതാണ്.

പോലീസ് സ്റ്റേഷനുകളിൽ 'പബ്ലിക് റിലേഷൻസ് ഓഫീസർ' സംവിധാനം നിലവിലുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇതിനുവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയോടൊപ്പം അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയും സ്റ്റേഷനുകളിൽ ആവശ്യമാണെന്നും അതിൽ ഒന്നിൽ വനിതാ പോലീസിനെ നിയമിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, വാട്സ്ആപ്പ്, ടെലഗ്രാം എന്നീ സാമൂഹ്യ മാധ്യമങ്ങളിലൂടെ ഇരകളെ തേടിപ്പിടിച്ച് ഭീഷണിപ്പെടുത്തിയും വലിയ ലാഭവാഗ്ദാനം നൽകിയും സാമ്പത്തിക തട്ടിപ്പിന് വിധേയമാക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, വളരെ സാമൂഹ്യപ്രാധാന്യമുള്ള ഒരു പ്രശ്നമാണ് ഉന്നയിച്ചിട്ടുള്ളത്. പലതരത്തിലുള്ള സൈബർ തട്ടിപ്പുകളിൽ

കേരളത്തിൽ ഏറ്റവും കൂടുതൽ നടക്കുന്നത് “ ലോ എൻഫോഴ്സ്മെന്റ് ഓഫീസർ (Fraud), Online Trading (Fraud)” എന്നീ പേരുകളിലുള്ള തട്ടിപ്പുകളാണ്. ലോ എൻഫോഴ്സ്മെന്റ് ഓഫീസർ (Fraud)-ൽ ഇരയാക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിക്ക് ഒരു വീഡിയോ കോൾ ആദ്യം വരും. വീഡിയോ കോളിൽ കാണുന്നത് ഉയർന്ന പോലീസ് ഓഫീസർമാരുടെ വേഷവിധാനത്തോടെയുള്ള സംഘത്തെയായിരിക്കും, അവർ “ സി.ബി.ഐ., മുംബൈ പോലീസ്” എന്നൊക്കെ സ്വയം വിശേഷിപ്പിക്കും. ഇരയാക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിയുടെ പേരിൽ ഒരു കൊറിയർ വന്നിട്ടുണ്ടെന്നും അതിൽ മയക്കുമരുന്ന് കണ്ടെത്തിയിട്ടുണ്ടെന്നുമാണ് പതിവായി പറയുന്നത്. അതുമല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലുള്ള കുറ്റകൃത്യം ചെയ്തതായി വിവരം ലഭിച്ചിട്ടുണ്ടെന്ന് പറഞ്ഞ് വിശ്വസിപ്പിക്കും. വ്യാജ എഫ്.ഐ.ആർ., വാറന്റ് എന്നിവ അയച്ചുകൊടുത്ത് ഇരയെ പൂർണ്ണമായും മുൾമുനയിൽ നിർത്തും. തുടർന്ന് ഇരയുടെ അക്കൗണ്ട് പരിശോധിക്കുന്നതിനായി അതിലെ മുഴുവൻ പണവും 'റിസർവ് ബാങ്ക് ഓഫ് ഇന്ത്യ'-യുടെ അക്കൗണ്ടിലേയ്ക്ക് മാറ്റണമെന്ന് പറഞ്ഞുകൊണ്ട് തങ്ങളുടെതന്നെ അക്കൗണ്ടിലേയ്ക്ക് പണം ട്രാൻസ്ഫർ ചെയ്യിക്കും.

ഒരു അന്വേഷണ ഏജൻസിയും അക്കൗണ്ടിലെ പണം ട്രാൻസ്ഫർ ചെയ്യാൻ ആവശ്യപ്പെടില്ലെന്ന് നാം മനസ്സിലാക്കണം. അക്കൗണ്ടുകൾ മരവിപ്പിക്കാനും ബാങ്ക് മുഖാന്തരം ഏതുരീതിയിലുള്ള പരിശോധനകൾ നടത്തുവാനും അന്വേഷണ ഏജൻസികൾക്ക് കഴിയുമെന്നതിനാൽ, അവർക്ക് പണം ട്രാൻസ്ഫർ ചെയ്യിക്കേണ്ട ആവശ്യമില്ലെന്നതാണ് വസ്തുത.

രണ്ടാമതായി സൂചിപ്പിച്ച " Investment/Trading (Fraud)" ഇരകളെ വാട്സ്ആപ്പ്/ടെലഗ്രാം ഗ്രൂപ്പുകളിൽ ചേർത്ത് നിക്ഷേപകർക്കുള്ള ക്ലാസ്സുകളും മറ്റും നൽകിക്കൊണ്ട് വിശ്വാസ്യത പിടിച്ചുപറ്റുകയും അതിനുശേഷം വലിയ തുകകൾ നിക്ഷേപിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഇതിനുവേണ്ടിമാത്രം പ്രത്യേകം തയ്യാറാക്കിയ വെബ്സൈറ്റുകളിലൂടെയാണ് നിക്ഷേപം സ്വീകരിക്കുന്നത്. നിക്ഷേപകർ തങ്ങളുടെ യൂസർ അക്കൗണ്ട് നോക്കുമ്പോൾ വലിയ ലാഭം നേടിയതായി കാണുന്നു. എന്നാൽ നിക്ഷേപിച്ച തുക മുഴുവൻ നഷ്ടപ്പെടുകയും ലാഭം കിട്ടിയ തുക പിൻവലിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇരകൾക്ക് തട്ടിപ്പ് മനസ്സിലാകുന്നത്. ഇത്തരം കെണികളിൽ വീഴാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അടിയന്തര സഹായത്തിനായി ടോൾഫ്രീ നമ്പറായ “ 1930” -ൽ പരാതിപ്പെടേണ്ടതുണ്ട്. പണം നഷ്ടപ്പെട്ട് ഒരു മണിക്കൂറിനുള്ളിൽ (ഇതിലെ golden hour) ലഭിക്കുന്ന പരാതികളിൽ പണം വീണ്ടെടുക്കാൻ സാധിച്ച അനുഭവവും ഉണ്ടായിട്ടുണ്ട്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഇക്കാലത്ത് വിവര സാങ്കേതികവിദ്യ വലിയതോതിൽ ദുരുപയോഗം ചെയ്യുകയും അതുവഴി ഓൺലൈൻ തട്ടിപ്പിനും അതിക്രമങ്ങൾക്കും കുട്ടികൾ ഇരയാക്കപ്പെടുകയും ചെയ്യുന്നുണ്ട്. അവരെ സഹായിക്കുന്നതിനായി ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണ്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കുട്ടികളെ പലരും ചതിക്കുഴികളിൽപ്പെടുത്തുന്ന എന്നുള്ള പ്രശ്നം വളരെ ഗൗരവമേറിയതാണ്, ഇതുസംബന്ധിച്ച് കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്ന സംവിധാനം നിലവിലുണ്ട്. പോലീസ്, അധ്യാപകർ, വിവിധ സാമൂഹ്യ സംഘടനകൾ എന്നിവരെല്ലാം ഒന്നുചേർന്ന് ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ ശ്രമിച്ചുവരികയാണ്. കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും സുരക്ഷിത ഇന്റർനെറ്റിന്റെ സാധ്യത കുട്ടികൾക്ക് മനസ്സിലാക്കുന്നതിനും

ഡീ-അഡിക്ഷൻ സെന്ററുകളും 6 ഡി.ഡി.എ.ഡി. സെന്ററുകളും (Digital De-addiction Centre (D-DAD)) പ്രധാന നഗരങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സാമൂഹ്യനീതി ഉറപ്പാക്കുന്നതിൽ ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ ഈ സർക്കാരിന്റെ കാലയളവിൽ പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം നേരത്തെയുണ്ടായിരുന്ന 6 ശതമാനത്തിൽനിന്നും ഇപ്പോൾ 11.37 ശതമാനമായി ഉയർന്നിട്ടുണ്ട്, ഈ അനുപാതം 15 ശതമാനത്തിലേയ്ക്ക് ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. പോലീസ് സംവിധാനത്തിൽ സ്ത്രീസൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കാനായി സേനയിലെ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചതോടൊപ്പം സ്ത്രീസൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധതരത്തിൽ നടത്തുന്നുമുണ്ട്.

ശ്രീ. കെ. വി. സുമേഷ്: സർ, നമ്മുടെ പോലീസ് സേന നമുക്ക് അഭിമാനം തരുന്ന ഒന്നാണ്, എന്നാൽ ആ സേനക്കാകമാനം

ദുഷ്പേരുണ്ടാക്കുന്ന പ്രവൃത്തി ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. അത്തരക്കാരെ ഒഴിവാക്കിക്കൊണ്ട് സേനയെ ശുദ്ധീകരിക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ പറഞ്ഞ കാര്യം വളരെ ശരിയാണ്, ചിലർ തെറ്റായ നടപടികൾ സ്വീകരിക്കുന്നുണ്ട്, അത്തരം ആളുകൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനോടകംതന്നെ 152 പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കുകയും 108 പോലീസുകാരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 3 വർഷങ്ങൾക്കുമുമ്പ് നടന്ന ബോംബേറിന്റെ പ്രതികാരമായി ഇന്നലെ നട്ടുച്ചയ്ക്ക് 'തുമ്പ'-യിൽ ഒരു ബോംബേറുണ്ടായി. രണ്ട് ബോംബുകൾ എറിഞ്ഞുവെന്നാണ് “ മലയാള മനോരമ, മാതൃഭൂമി ” തുടങ്ങിയ പ്രമുഖ ദിനപത്രങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എണ്ണായിരം ഗുണ്ടകളെ കൈകാര്യം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച “ ആഗ് 2 (Action Against Gunda (AAG)) ” പദ്ധതിയുടെ

വീഴ്ചയിലേയ്ക്കാണോ ഇന്നലത്തെ സംഭവം വിരൽചൂണ്ടുന്നത് എന്ന കാര്യം വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കുറ്റകൃത്യങ്ങളും പോലീസും തമ്മിൽ പ്രത്യേക രീതിയിലുള്ള മത്സരമാണ് സമൂഹത്തിലും സംസ്ഥാനത്തും രാജ്യത്തും ലോകത്തുമെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ പോലീസ് എപ്പോഴും ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതിനെ പരാജയപ്പെടുത്താൻ ക്രിമിനലുകൾ പല തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായി പോലീസ് ആത്യന്തികമായി പരാജയപ്പെടുകയല്ല, അതിനെയെല്ലാം നിയന്ത്രണവിധേയമാക്കാനുള്ള ശക്തമായ നടപടികൾതന്നെയാണ് സ്വീകരിക്കുന്നത്. ഇവിടെയും അതുതന്നെയാണ് സംഭവിക്കുന്നത്. ഒട്ടേറെ ക്രിമിനലുകളെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്നും ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഈ ഗവൺമെന്റിന്റെ കാലത്ത് ജനമൈത്രി സുരക്ഷാ പദ്ധതി കൂടുതൽ സജീവവും കാര്യക്ഷമവുമാക്കാൻ സ്വീകരിച്ച നടപടികളെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ജനമൈത്രി പദ്ധതിയുടെ ഭാഗമായി വിവിധ രീതിയിൽ ജനമൈത്രി പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ഏറ്റവും പ്രധാനപ്പെട്ട ജനമൈത്രിയുണ്ടായത് പ്രളയകാലത്തും കോവിഡ് കാലത്തുമാണ്. ആ സമയത്ത് പോലീസ് ജനങ്ങളുടെ ഉറ്റബന്ധുവായി മാറുന്ന അവസ്ഥയാണുണ്ടായത്. ഇത് വിവിധ രീതിയിൽ, വിവിധ തലങ്ങളിൽ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. പോലീസ് സ്റ്റേഷനുകളിൽ മാത്രമല്ല, മറ്റ് തലങ്ങളിലും ജനമൈത്രി സംവിധാനം നടപ്പിലാക്കുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡിന്റെ പ്രത്യേക സാഹചര്യവും അന്തരീക്ഷവും ചുറ്റുപാടുമൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നന്നായി അറിയാവുന്നതാണ്. അവിടെയൊരു പ്രത്യേക പോലീസ് സംവിധാനത്തിന്റെ അനിവാര്യതയെക്കുറിച്ച് നമ്മുടെ ജില്ലയിലെ 5

എം.എൽ.എ.-മാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സമീപിച്ച് കാര്യങ്ങൾ അറിയിച്ചപ്പോൾ വളരെ പോസിറ്റീവായ സമീപനമാണ് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായത്. അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് ശരിയാണ്. അവിടെയുള്ള പ്രശ്നങ്ങൾ ഗൗരവമായിത്തന്നെ പരിഗണിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, പോലീസ് വിഭാഗം മുമ്പ് കളങ്കിതമായൊരു മേഖലയായിരുന്നു. പക്ഷേ ഇന്ന് അതൊക്കെ മാറ്റിയെടുത്തുകൊണ്ട് മുന്നോട്ടുപോകുമ്പോഴും, പാനൂരിൽ ജനമൈത്രി പോലീസ് ചെറുപ്പക്കാർക്ക് ഇൻസൈറ്റ് പ്രോഗ്രാമിലൂടെ ഐ.എ.എസ്., ഐ.പി.എസ്. കോച്ചിംഗ് അടക്കം ധാരാളം നേട്ടങ്ങളുണ്ടാക്കി കൊടുത്തിട്ടുണ്ട്. ശ്രീ. വി. വി. ബെന്നി പോലീസ് ഇൻസ്പെക്ടറായിരുന്ന സമയത്താണ് ഈ പദ്ധതി കൊണ്ടുവന്നത്. അത് വളരെ നല്ല രീതിയിൽ നടന്നുവരികയാണ്. ചെറുപ്പക്കാർക്ക് സ്പോർട്സ്, ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ

മേഖലകളിലടക്കം കടന്നുവരാനും രാജ്യത്തിന്റെ ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേരാനും കഴിഞ്ഞിരിക്കുകയാണ്. ഇത് മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, മാതൃകാപരമായ ഇത്തരം പ്രവർത്തനങ്ങൾ എല്ലാ ഭാഗത്തും വ്യാപിപ്പിക്കാനും അതിനുള്ള നടപടികൾ സ്വീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഗൗരവമായിത്തന്നെ പരിശോധിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഇത് നേരത്തെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യമാണ്. കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ആലുവ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽപ്പെട്ടതാണ്. ധാരാളം വി.ഐ.പി.-കൾ നിരന്തരമായി വരുന്ന എയർപോർട്ടാണ്. ബംഗാൾ ഗവർണറും കേരള ഗവർണറും ഗോവ ഗവർണറും വരുമ്പോൾ അവിടത്തെ സ്ഥലം ഡിവൈ.എസ്.പി., സി.ഐ., എസ്.ഐ. എന്നിവരെ കാറ്റഗറി അനുസരിച്ച് ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടതുണ്ട്. വി.ഐ.പി.-കൾ പോകുന്നതുവരെയുള്ള സമയത്ത് ലോക്കൽ പോലീസ് സ്റ്റേഷനിലെ പല

കാര്യങ്ങളും ചെയ്യാൻ മേൽപ്പറഞ്ഞ മേലുദ്യോഗസ്ഥർക്ക് സാധിക്കുന്നില്ല. സ്വാഭാവികമായും വി.ഐ.പി.-കൾ വരുമ്പോൾ പ്രൊട്ടക്ഷൻ കൊടുക്കേണ്ടി വരും. അതുകൊണ്ട് ഇതിനുവേണ്ടി ഒരു സ്പെഷ്യൽ ടീമിനെ നിയമിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ഈ ചോദ്യം നേരത്തെ ഉന്നയിച്ചിരുന്നു. ഇവിടെ ഉന്നയിച്ചതാണോ എന്നോട് നേരിട്ട് പറഞ്ഞതാണോയെന്ന് കൃത്യമായി അറിയില്ല. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ അവിടത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സംസാരിച്ചു. അങ്ങനെയുള്ള യാതൊരു പ്രശ്നവുമില്ലെന്നാണ് അവർ പറഞ്ഞത്. ഏതായാലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം ഒന്നുകൂടി പരിശോധിക്കാം.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് പുതിയ വെല്ലുവിളികൾ നേരിടുന്ന പോലീസ് സേനയിൽ എന്തെല്ലാം രീതികളാണ് പുതുതായി ഉപയോഗപ്പെടുത്തുന്നത് എന്നറിയിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, നിലവിൽ സൈബർ ഡിവിഷൻ ഏറ്റവും ശക്തമായും ഫലപ്രദമായും പ്രവർത്തിക്കുന്ന ഡിവിഷനാണ്. സംസ്ഥാനത്താകെ അതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. വളരെ നല്ല രീതിയിൽ പോലീസ് ആ കാര്യങ്ങൾ നിർവ്വഹിച്ചുപോകുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസ് വളരെ കഷ്ടപ്പെട്ടാണ് നിയമ സമാധാന പ്രവർത്തനത്തിനുവേണ്ടി പ്രവർത്തിക്കുന്നത് എന്നത് അങ്ങേയ്ക്ക് കൃത്യമായി അറിയാവുന്നതാണ്. പോലീസിന്റെ കയ്യിൽ നിൽക്കാത്ത കാര്യത്തിന് സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ പെർമിഷനോടുകൂടിയാണ് കാപ്പ കേസെടുക്കുന്നതിനുവേണ്ടി നടപടിയെടുക്കുന്നത്. കാപ്പ കേസിൽ നാടുകടത്തിയിട്ടുള്ള ആളുകൾക്ക് പിന്നീട് പൊളിറ്റിക്കൽ പ്രൊട്ടക്ഷൻ കൊടുക്കുന്നുവെന്നൊരു ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുപോലെയുള്ള കാര്യങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിന് ഗവൺമെന്റ് നിർദ്ദേശം കൊടുക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കാപ്പയുടെ ഭാഗമായുള്ള നിയമനടപടി അവസാനിപ്പിക്കുന്നതിനോ ദുർബലപ്പെടുത്തുന്നതിനോ ഏത് തരത്തിലുള്ള രാഷ്ട്രീയ ഇടപെടലും സാധാരണഗതിയിൽ അംഗീകരിക്കപ്പെടില്ല. അത്തരത്തിലുള്ള ഒരു അനുഭവവും നമ്മുടെ മുന്നിലില്ലെന്നുള്ളതാണ് വസ്തുത. പോലീസിന് എല്ലാ നടപടികളും ഫലപ്രദമായി സ്വീകരിക്കാൻ കഴിയുന്നുണ്ട്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, കേരള പോലീസിന്റെ ഫുട്ബോൾ ടീം ഇന്ത്യയ്ക്കാകെ അഭിമാനകരമായ വിധത്തിലുള്ള ടീമായിരുന്നു. ശ്രീ. ഐ. എം. വിജയൻ, ശ്രീ. സി. വി. പാപ്പച്ചൻ തുടങ്ങിയ ഇന്റർനാഷണൽ താരങ്ങൾവരെ കേരള പോലീസിലുണ്ടായിരുന്നു. ഇനിയും കൂടുതൽ മികവുറ്റ താരങ്ങളെ വാർത്തെടുക്കുന്ന ഒരു ടീം രൂപീകരിക്കാൻ കേരളാ പോലീസിന് സാധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തീർച്ചയായും, പോലീസിൽ അത്തരം പരിപാടികൾ അവസാനിപ്പിച്ചിട്ടില്ല. ആ പ്രശ്നം ഗൗരവമായിത്തന്നെ പരിഗണിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചതോടുകൂടി ക്രൈമിന്റെ സ്വഭാവത്തിന് മാറ്റം വന്നു. ക്രൂരമായ

തരത്തിലുള്ള കൊലപാതകങ്ങൾ, അക്രമസംഭവങ്ങൾ, വീട് കയറിയുള്ള ആക്രമണങ്ങൾ, സ്ത്രീകളെ ഉൾപ്പെടെ വളരെ ക്രൂരമായ രീതിയിൽ ആക്രമിക്കുന്ന നിലയിലേയ്ക്ക് സ്വഭാവം മാറിയിട്ടുണ്ട്. കൺവെൻഷണൽ ക്രൈമാണെങ്കിലും കൂടുതൽ ക്രൂരമായ രീതിയിലേയ്ക്ക് മാറിയിട്ടുണ്ട്. ഒരു ഭാഗത്ത് പോലീസിന് അവരെ കൈകാര്യം ചെയ്യേണ്ട ചുമതലയും മറുഭാഗത്ത് ഏറ്റവും ആധുനികമായ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് സൈബർ ക്രൈം, ഐഡന്റിറ്റി തെഫ്റ്റ് എന്നിവയുൾപ്പെടെയുള്ള പുതിയ തരത്തിലുള്ള ക്രൈം ഉണ്ടാകുകയാണ്. പഴയതിനെ ഫലപ്രദമായി നേരിടുന്നതിനോടൊപ്പംതന്നെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ഏറ്റവും ഗുരുതരമായ ക്രൈമുകൾ തടയുന്നതിനുവേണ്ടി പോലീസിനെ അപ്ഗ്രേഡ് ചെയ്യാൻ, അവരുടെ സാങ്കേതികവിദ്യയും സംവിധാനങ്ങളും ഉയർത്താനുള്ള എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പോലീസിൽ ഇതിനനുസൃതമായിട്ടുള്ള ഡെവലപ്മെന്റുകൾ നല്ല രീതിയിൽ വന്നുകൊണ്ടിരിക്കുകയാണ്. പോലീസിൽ വന്നിട്ടുള്ളൊരു മാറ്റം, പുതിയ റിക്രൂട്ട്മെന്റിന് വലിയ തോതിലാണ് ഉയർന്ന

വിദ്യാഭ്യാസ യോഗ്യതയുള്ള ചെറുപ്പക്കാരും ചെറുപ്പക്കാരികളും ചേരുന്നത്. അതുതന്നെ പോലീസിന്റെ മുഖച്ഛായയ്ക്ക് മാറ്റം വരുത്തിയിരിക്കുകയാണ്. അതോടൊപ്പം നാം നടത്തിയ സൈബർ രംഗത്തെ ഇടപെടൽ വളരെ ഫലപ്രദമായിട്ടുള്ളതാണ്. രാജ്യംതന്നെ അംഗീകരിക്കുന്ന തരത്തിലുള്ള ഇടപെടലുകളാണ് അക്കാര്യത്തിൽ നടത്താൻ കഴിഞ്ഞിട്ടുള്ളത്. അതിൽ കേരള പോലീസിന് പ്രശംസനീയമായ പങ്കുവഹിക്കാൻ കഴിയുന്നുവെന്നുള്ളതാണ് വസ്തുത. ഇതിന്റെ ഭാഗമായി സംസ്ഥാനത്താകെയുള്ള പോലീസിലെ നല്ലൊരു വിഭാഗത്തിന് ഇതുമായി ബന്ധപ്പെട്ട മറ്റ് ട്രെയിനിംഗുകളും നൽകിയിട്ടുണ്ട്. നമുക്ക് പുതിയ റിക്രൂട്ട്മെന്റുകളെയടക്കം ഉപയോഗിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ വലിയ തോതിൽ പോലീസിന്റെ മികവ് വർദ്ധിപ്പിക്കാൻ കഴിയും.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, 2010-ൽ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കോടിയേരി ബാലകൃഷ്ണന്റെ കാലത്ത് ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും രാജ്യത്തിന് പുറത്തും അഭിമാനത്തോടുകൂടി ഉയർത്തിപിടിക്കാവുന്ന ഒന്നാണ്. അത്തരം

പരിശീലനം നേടിയ വിദ്യാർത്ഥികൾക്ക് പിന്നീട് പി.എസ്.സി. പരീക്ഷ നടക്കുമ്പോൾ വെയിറ്റേജ് കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പി.എസ്.സി. പരീക്ഷയ്ക്ക് അതിന്റേതായ നടപടിക്രമങ്ങളുണ്ട്. അതിനകത്തുനിന്നുള്ള നടപടികൾ തുടരും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോലീസ് സ്റ്റേഷനുകളിൽ വസ്തുതർക്കം, അതിർത്തിതർക്കം തുടങ്ങിയ കാര്യങ്ങളിൽ പരാതി സ്വീകരിക്കണ്ടായെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ ഈ കാര്യങ്ങളിൽ ആരെയാണ് സമീപിക്കേണ്ടത്?

ശ്രീ. പിണറായി വിജയൻ: സർ, നാട്ടിലുണ്ടാകുന്ന ഏത് പ്രശ്നങ്ങളും സാധാരണഗതിയിൽ പോലീസിന്റെ ശ്രദ്ധയിൽപ്പെടുകയും അത് കൈകാര്യം ചെയ്യുകയും ചെയ്യാറുണ്ട്. അതിൽ ഏതെങ്കിലും പ്രശ്നങ്ങൾ നിങ്ങൾക്ക് നിഷിദ്ധമാണെന്ന രീതി ഇവിടെനിന്നും സ്വീകരിച്ചിട്ടില്ലെന്നാണ് എന്റെ ഇപ്പോഴത്തെ അറിവ്.

## ലക്ഷ്യ സർട്ടിഫിക്കേഷൻ

2 (*452) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ എം രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളാണ് ദേശീയ ഗുണനിലവാര അംഗീകാരമായ 'ലക്ഷ്യ' സർട്ടിഫിക്കേഷന് അർഹത നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസവ ശുശ്രൂഷകൾ നടത്തുന്ന ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഇതിനെ കാണാൻ കഴിയുമോ;

(സി) 'ലക്ഷ്യ' സർട്ടിഫിക്കേഷനുള്ള നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ എന്തെല്ലാം അത്യാധുനിക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) 'അമ്മയ്ക്കൊരു കൂട്ട്' എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) നാളിതുവരെ കേരളത്തിൽ 3 മെഡിക്കൽ കോളേജുകൾ, 7 ജില്ലാ ആശുപത്രികൾ, 1 താലൂക്കാശുപത്രി ഉൾപ്പെടെ 11 ആശുപത്രികൾക്കാണ് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്. ഇതിൽ 3 ആശുപത്രികൾ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിലും 8 ആശുപത്രികൾ ഈ സർക്കാരിന്റെ കാലഘട്ടത്തിലുമാണ് ലക്ഷ്യ സർട്ടിഫിക്കേഷൻ നേടിയിട്ടുള്ളത്. ആയവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഗവ. മെഡിക്കൽ കോളേജ്, കോട്ടയം.
2. ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്.
3. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം.
4. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ, കൊല്ലം.
5. ജനറൽ ആശുപത്രി, എറണാകുളം
6. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്
7. ജനറൽ ആശുപത്രി, കോഴിക്കോട്
8. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്
9. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപറമ്പ, കണ്ണൂർ.
10. ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ.
11. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി, മലപ്പുറം.

(ബി) പ്രസവ ശുശ്രൂഷകൾ നടത്തുന്ന ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഇതിനെ കാണാൻ കഴിയും.

(സി) 'ലക്ഷ്യ' മാർഗനിർദ്ദേശമനുസരിച്ച് ലേബർ റൂം അനുബന്ധ സേവനങ്ങളും ലേബർ-ഡെലിവറി-റിക്കവറി (LDR Concept) അനുസരിച്ചാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ New Born Care Corner ഉറപ്പുവരുത്തിയിട്ടുണ്ട്.

എല്ലാ ഗർഭിണികൾക്കും Respectful Maternity Care & Privacy നൽകുന്നതിനായി ലേബർ റൂമിൽ പ്രത്യേകം ക്യൂബിക്കുകൾ നിർമ്മിച്ച് അവരുടെ സ്വകാര്യത ഉറപ്പാക്കി സുരക്ഷിത പരിചരണ അന്തരീക്ഷം ഉറപ്പാക്കുന്നു.

ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, SNCU എന്നിവ ഒരേ ബ്ലോക്കിൽ സജ്ജീകരിച്ച് ലേബർ റൂമിലും ഓപ്പറേഷൻ തിയേറ്ററിലും ആവശ്യമായ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

രോഗികൾക്ക് മെച്ചപ്പെട്ട ശുശ്രൂഷ നൽകുന്നതിനുവേണ്ടി മതിയായ മനുഷ്യ വിഭവശേഷി പ്രദാനം ചെയ്യുന്നതോടൊപ്പം ആരോഗ്യപ്രവർത്തകരുടെ

കാര്യശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളും എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരുടെയും നൈപുണ്യം മനസ്സിലാക്കുന്നതിനുവേണ്ടിയുള്ള OSCE പരീക്ഷകളും നടത്തിവരുന്നു.

Evidence Based Protocol ഉണ്ടാക്കുകയും അവ എല്ലാ ജീവനക്കാരും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

കൃത്യമായ ഇടവേളകളിൽ ഓഡിറ്റുകൾ നടത്തി മികച്ച നിലവാരം ഉറപ്പാക്കുന്നു (CS Audit, Referral Audit, Perinatal Death Audit, Prescription Audit, etc.).

ആശുപത്രിയുടെ സേവന സംതൃപ്തി മനസ്സിലാക്കുന്നതിനുവേണ്ടി എല്ലാ മാസവും OPD, ലേബർ റൂം, വാർഡുകളിലെ രോഗികളിൽനിന്നും വിവര ശേഖരണം (Patient Satisfaction Survey) നടത്തിവരുന്നു. രോഗികളുടെ വിലയേറിയ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി) ഗർഭിണികൾക്ക് പ്രസവ സമയത്ത് സഹായത്തിനും സാന്ത്വനത്തിനുമായി അവർതന്നെ മുൻകൂട്ടി തിരഞ്ഞെടുത്ത ഒരു വ്യക്തിയുടെ

സാമീപ്യം പ്രസവ സമയത്തുടനീളം ആശുപത്രിയിൽ ലഭ്യമാക്കുന്ന 'അമ്മയ്ക്കൊരു കൂട്ട്' (Birth Companion) 'ലക്ഷ്യ' പദ്ധതിയുടെ ഒരു ഘടകമാണ്. ഇത് പ്രോത്സാഹിപ്പിക്കുന്നതിനും പ്രസവ സമയത്ത് ഗർഭിണികളുടെ ആത്മധൈര്യം കൂട്ടുന്നതിനും SAT ആശുപത്രിയിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

ഒ.പി.-യിൽ പരിശോധനയ്ക്ക് വരുമ്പോൾതന്നെ ഗർഭിണികൾക്ക് Antenatal Class-ൽ Birth Companion-നെക്കുറിച്ച് വിശദീകരിക്കുകയും ഗർഭിണിക്കുതന്നെ തന്നോടൊപ്പം നിൽക്കുന്ന ആളെ തിരഞ്ഞെടുക്കുകയും ചെയ്യാം. ആരോഗ്യ പ്രശ്നങ്ങളില്ലാത്തവരെയായിരിക്കണം തിരഞ്ഞെടുക്കേണ്ടത്. ഗർഭിണികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അവരുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും ഉത്കണ്ഠ കുറയ്ക്കുന്നതിനും ഗർഭിണികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും പ്രസവശേഷം ചെറിയ സഹായങ്ങൾ ചെയ്യുന്നതിനും കുഞ്ഞിനെ മുലയൂട്ടിപ്പിക്കുന്നതിനും പ്രസവശേഷം അമ്മയ്ക്കും കുഞ്ഞിനും ഉണ്ടാകുന്ന അപകട സൂചനകൾ മനസ്സിലാക്കി അറിയിക്കുന്നതിനും "അമ്മയ്ക്കൊരു കൂട്ട്" വളരെ പ്രയോജനകരമാണ്. Patient Feedback Survey

പ്രകാരം ഇത് വളരെ പ്രയോജനകരമായി മുന്നോട്ട് പൊയ്കൊണ്ടിരിക്കുന്നതായി കാണുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്?

ശ്രീമതി വീണാ ജോർജ്: സർ, അത് മൂന്ന് തരത്തിലാണുള്ളത്. ഒന്ന്, National Quality Assurance Standards (NQAS). രണ്ട്, 'ലക്ഷ്യ', ഞാൻ നേരത്തെ പറഞ്ഞതുപോലെ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടാണ് ഗുണനിലവാരം ഉറപ്പുവരുത്തുന്നത്. അടുത്തത്, ശിശുപരിചരണവുമായി ബന്ധപ്പെട്ട MusQan. ബഹുമാനപ്പെട്ട അംഗം ചോദിച്ച NQAS (National Quality Assurance Standards) സർട്ടിഫിക്കേഷൻ സംസ്ഥാനത്ത് ഇതുവരെ 176 സ്ഥാപനങ്ങൾക്കാണ് ലഭിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 100 സ്ഥാപനങ്ങൾക്കാണ് NQAS സർട്ടിഫേക്കേഷൻ ലഭിച്ചിട്ടുള്ളത്. അതിൽ അഭിമാനകരമായ ഒരു കാര്യമെന്തെന്നാൽ, കഴിഞ്ഞയാഴ്ച ദേശീയ തലത്തിൽ

നടന്ന ഒരു പരിപാടിയിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ NQAS സ്കോർ നേടിയ ആരോഗ്യ കേന്ദ്രത്തിനുള്ള പുരസ്കാരം മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആരോഗ്യ കേന്ദ്രത്തിനാണ് ലഭിച്ചത്, 99% സ്കോറാണ് ലഭിച്ചത്. അത് കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ കാര്യമാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, മികച്ച ശിശുസേവനങ്ങൾക്കുള്ള അംഗീകാരം സംസ്ഥാനത്തെ ആശുപത്രികൾക്ക് ലഭിച്ചിട്ടുണ്ടോയെന്നതായിരുന്നു എന്റെ ചോദ്യം. അതുമായി ബന്ധപ്പെട്ട MusQan സർട്ടിഫിക്കേഷൻ അടക്കമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഇവിടെ പറഞ്ഞിരുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ആരോഗ്യ മേഖലയിൽ ഈ സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. ദേശീയതലത്തിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, ദേശീയതലത്തിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനത്തിനുള്ള പുരസ്കാരം തുടർച്ചയായി

മൂന്ന് വർഷംകൊണ്ട് കേരളത്തിനാണ് ലഭിക്കുന്നത്. 1600 കോടി രൂപയാണ് ഓരോ വർഷവും സൗജന്യ ചികിത്സയ്ക്കായി സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്. ദേശീയ തലത്തിൽ അത് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. നമ്മുടെ തൊട്ടടുത്തുള്ള സംസ്ഥാനങ്ങളൊക്കെ നമ്മളേക്കാൾ വളരെ പിന്നിലാണുള്ളത്.

ശ്രീ. എൻ. കെ. അക്ബർ: സർ, ലേബർ റൂമുകൾ 'ലക്ഷ്യ' നിലവാരത്തിലുയർത്തുന്നതിന്റെ ഭാഗമായി ആശുപത്രികളിലുണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?

ശ്രീമതി വീണാ ജോർജ്: സർ, Safe and Respectful Delivery എന്നതാണ് 'ലക്ഷ്യ'-യുടെ ആപ്തവാക്യം. മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുക, അതോടൊപ്പംതന്നെ സുരക്ഷിതവും ഗർഭിണികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതുൾപ്പെടെയുള്ള 'ലക്ഷ്യ' സ്റ്റാൻഡേർഡ്സ് പാലിച്ചുകൊണ്ടാണ് നാം അക്രഡിറ്റേഷന് ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രധാനപ്പെട്ട ഒട്ടേറെ കാര്യങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, ലേബർ റൂമുകളിൽ ക്യൂബിക്കുകൾ രൂപീകരിച്ചുകൊണ്ട് ഓരോ ഗർഭിണിക്കും സ്വകാര്യത

ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നു, മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസവ സമയത്തുള്ള ഇൻഫെക്ഷൻ ഒഴിവാക്കാൻ ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോക്കോളും പാലിക്കുന്നുണ്ട്. കൂടാതെ ആരോഗ്യ പ്രവർത്തകർക്ക് കൃത്യമായ പരിശീലനം നൽകുന്നുണ്ട്. 'ലക്ഷ്യ' സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള നടപടികൾ ആശുപത്രികളിൽ സ്വീകരിക്കുന്നതിനോടൊപ്പം സംസ്ഥാനംതന്നെ ഒരു ഇനിഷ്യേറ്റീവ് കൊണ്ടുവന്നിട്ടുണ്ട്. അത് mother and baby friendly ഇനിഷ്യേറ്റീവാണ്. ജനിച്ചുകഴിഞ്ഞ് കുട്ടികൾക്ക് അമ്മയുടെ മുലപ്പാൽതന്നെ നൽകുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് അതിന്റെ ഭാഗമായി നടത്തുന്നത്. അത് വളരെ കൃത്യമായിതന്നെ നമ്മുടെ സംസ്ഥാനത്ത് ഈ കാലഘട്ടത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, NQAS നിലവാരത്തിലേയ്ക്ക് പുതിയ ആശുപത്രികളെ ഉയർത്തിക്കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; അതുപോലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ

കൈവരിക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് സ്വീകരിക്കുന്ന പ്രത്യേക നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, സംസ്ഥാനത്ത് DHS (Directorate of Health Services)-ന് കീഴിലുള്ള 95 സ്ഥാപനങ്ങളും 9 മെഡിക്കൽ കോളേജുകളുമുൾപ്പെടെ 104 ഡെലിവറി പോയിന്റുകളാണുള്ളത്. ഇവയെല്ലാം 'ലക്ഷ്യ' സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്. അതിന്റെ ഭാഗമായി ഇൻഫ്രാസ്ട്രക്ച്ചറിൽ വ്യത്യാസങ്ങൾ വരുത്തേണ്ടതുണ്ട്. അവിടെനിന്നും തുടങ്ങി ആരോഗ്യപ്രവർത്തകരുടെ പരിശീലനമുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും വളരെ കൃത്യമായി ആവിഷ്കരിച്ചുകൊണ്ടും, നടപ്പിലാക്കുന്നുവെന്നുള്ളത് ഉറപ്പാക്കിക്കൊണ്ടുമാണ് മുന്നോട്ടുപോകുന്നത്. സുസ്ഥിര വികസന സൂചികയുമായി ബന്ധപ്പെട്ട്, ലോകാരോഗ്യ സംഘടന നിശ്ചയിച്ച നീതി ആയോഗ് ഏറ്റെടുത്ത സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി 2030-ൽ കേരളത്തിലെ നവജാത ശിശുമരണ നിരക്ക് 6 ആയി നിജപ്പെടുത്തണമായിരുന്നു. എന്നാൽ 2021-ൽത്തന്നെ അത് 6-ൽ

എത്തിക്കാൻ കഴിഞ്ഞു. നിലവിലത് 4 ആണ്. അതായത് 1000 കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ കേരളത്തിൽ ഏതാണ്ട് 4 കുഞ്ഞുങ്ങളാണ് മരണപ്പെടുന്നത്. അത് വീണ്ടും കുറയ്ക്കാനാണ് ശ്രമിക്കുന്നത്. അമേരിക്കൻ ഐക്യനാടുകളുടെയും യൂറോപ്യൻ രാജ്യങ്ങളുടെയും സ്റ്റാൻഡേർഡിന് തുല്യമാണിത്. അതോടൊപ്പം 2022-ൽ ദേശീയതലത്തിൽ മാതൃമരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചിരുന്നു. സുസ്ഥിര വികസനത്തിന്റെ ഭാഗമായാണ് ശിശുമരണ നിരക്ക്, മാതൃ മരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നത്. 2030 എന്നുള്ള ലക്ഷ്യം നാം നേരത്തെതന്നെ നേടിയെടുത്തു, ഇനി ആ നിലയിൽനിന്നും വീണ്ടും മെച്ചപ്പെടുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. നേരത്തെ പറഞ്ഞ, 104 ഡെലിവറി പോയിന്റുകളിലും new born care ഉണ്ട്. കൂടാതെ new born babies-നെ പ്രത്യേകമായി പരിചരിക്കുന്നതിന് സിക്ക് യൂണിറ്റുകളുണ്ട്. കാഞ്ഞങ്ങാട്, കാസർഗോഡ് ആശുപത്രികൾ ഉൾപ്പെടെയുള്ളവയിൽ അത് സജ്ജീകരിച്ചിട്ടുണ്ട്. അതുപോലെ New born ICU-കളും സജ്ജീകരിച്ചിട്ടുണ്ട്. ആ രീതിയിൽ വീണ്ടും മരണനിരക്ക്

കുറയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തുന്നത്. സംസ്ഥാന സർക്കാരിന്റെ 'ശലഭം' പദ്ധതി വഴി new born screening ഫലപ്രദമായി നടപ്പാക്കുന്നുണ്ട്. ഈ വർഷം അതിൽ രണ്ട് പുതിയ കാര്യങ്ങൾക്കൂടി ചേർത്തിട്ടുണ്ട്. വയനാട് ജില്ലയിലെ നവജാത ശിശുക്കളിൽ സിക്കിൾസെൽ അനീമിയ കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള സ്ക്രീനിംഗ് പ്രോഗ്രാമുൾപ്പെടെ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2018-ലാണ് കോട്ടയ്ക്കൽ ആശുപത്രിയെ എഫ്.എച്ച്.സി.-യായി ഉയർത്തിയത്. വളരെ പരിമിതമായ സ്റ്റാഫ് വച്ചാണ് ദേശീയ തലത്തിലുള്ള അംഗീകാരത്തിലേയ്ക്ക് അവർക്ക് എത്താൻ സാധിച്ചത്. അതിൽ അവരെ അഭിനന്ദിക്കുകയാണ്. അവിടത്തെ സ്റ്റാഫ് പാറ്റേൺ പുതുക്കി, ഹ്യൂമൻ റിസോഴ്സിന്റെ കുറവ് പരിഹരിച്ച്, കിടത്തി ചികിത്സയുൾപ്പെടെയുള്ള നടപടി സ്വീകരിക്കുമോ; പ്രസ്തുത ആശുപത്രിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്താൻ സാധിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ആർദ്രം മാനദണ്ഡപ്രകാരം ഓരോ ആരോഗ്യകേന്ദ്രത്തിനും ആശുപത്രിക്കും നൽകപ്പെടേണ്ട സേവനങ്ങൾ

ഏതൊക്കെയാണെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഒരു കുടുംബാരോഗ്യ കേന്ദ്രം എന്നതിന്റെ അടിസ്ഥാനപരമായ ആശയം കുടുംബങ്ങളുടെ ആരോഗ്യകേന്ദ്രം എന്നുള്ളത് തന്നെയാണ്. അതായത് ആ പ്രദേശത്തിന്റെ ആരോഗ്യകേന്ദ്രം ആ പ്രദേശത്തെ കുടുംബങ്ങൾക്ക് ചികിത്സാപരമായ കാര്യങ്ങൾക്ക് ആശ്രയിക്കാവുന്ന, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഒരിടമാണ്. ആ പ്രവർത്തനങ്ങളെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടിയുള്ള ഘടകങ്ങളാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ആർദ്രം മാനദണ്ഡപ്രകാരം ഓരോ ആശുപത്രിയിലും ആരോഗ്യകേന്ദ്രത്തിലും എത്രത്തോളം സ്റ്റാഫ് വേണം, എന്തൊക്കെ സൗകര്യങ്ങൾ വേണം എന്നുള്ളത് സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ആരോഗ്യ വകുപ്പിനൊപ്പംതന്നെ തദ്ദേശസ്വയംഭരണ വകുപ്പും ഒരു ഉത്തരവിറക്കിയിട്ടുണ്ട്. അതുപ്രകാരം ഒരു ഡോക്ടറെയും ഒരു ആരോഗ്യ പ്രവർത്തകൻ/ആരോഗ്യപ്രവർത്തകയെയുംകൂടി ആശുപത്രികളിൽ കൊടുക്കാൻ കഴിയുന്നതാണ്. അത് എല്ലായിടത്തും നടപ്പിലാകുന്നുണ്ടെന്നുകൂടി ഉറപ്പുവരുത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. വാഴൂർ സോമൻ: സർ, ഇന്ത്യയിലെതന്നെ ഏറ്റവും വലിയ പഞ്ചായത്താണ് വണ്ടിപ്പെരിയാർ. അവിടത്തെ ജനങ്ങൾക്ക് ആകെ ആശ്രയം അവിടത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ്. അവിടെ ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല, രാത്രി ഡ്യൂട്ടിക്ക് ഡോക്ടർമാരില്ല എന്നീ കാരണങ്ങളാൽ കഴിഞ്ഞ 10 ദിവസമായി സമരം നടക്കുകയാണ്. തോട്ടം ആശുപത്രികളെല്ലാം അടച്ചുപൂട്ടിക്കിടക്കുന്നതുകൊണ്ട് എല്ലാ ജനങ്ങളും ഇപ്പോൾ ആശ്രയിക്കുന്നത് ഈ സി.എച്ച്.സി.-യെയാണ്. അവിടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ഈ സർക്കാർ തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ഇടുക്കിയുൾപ്പെടെയുള്ള ജില്ലകളിൽ പ്രത്യേക പരിഗണനയാണ് നൽകുന്നത്. ബഹുമാന്യനായ അംഗത്തിന്റെ നിയോജകമണ്ഡലത്തിലെ പീരുമേട് താലൂക്കാശുപത്രിയിൽ, അദ്ദേഹത്തിന്റെകൂടി നല്ല ഇടപെടൽ കാരണം ഏതാണ്ട് മൂന്നര പതിറ്റാണ്ടിനുശേഷം പ്രസവമുൾപ്പെടെയുള്ളവ നടത്താവുന്ന രീതിയിൽ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഞാൻ അവിടെ നേരിട്ട് സന്ദർശിക്കുകയും ഈ കാര്യങ്ങളെല്ലാം

അന്വേഷിക്കുകയും ചെയ്തിരുന്നു. വണ്ടിപ്പെരിയാറിൽ ഇപ്പോഴുണ്ടായ പ്രത്യേകമായ വിഷയം എന്താണെന്നുള്ളത് പരിശോധിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ബത്തേരി താലൂക്ക് ആശുപത്രി അങ്ങ് മൂന്ന് തവണ സന്ദർശിച്ചിരുന്നു. കെട്ടിട സമുച്ചയങ്ങളും മറ്റെല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. അവിടെ 157 ബെഡ്ഡുകളാണുള്ളത്. ഏതാണ്ട് 150-ഓളം ബെഡ്ഡുകൾ അവിടെ സ്ഥാപിക്കാൻ കഴിയും. സ്റ്റാഫ് പാറ്റേണാണ് അവിടത്തെ പ്രശ്നം. ഏതാണ്ട് മൂന്ന് പ്രൊപ്പോസലുകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ കുറവ് അടക്കമുള്ള കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം കാര്യങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ബത്തേരി ആശുപത്രിക്കും നല്ല പ്രാധാന്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒഫ്ത്താൽമോളജി ഉൾപ്പെടെയുള്ള വിവിധ ഡിപ്പാർട്ട്മെന്റുകളുമായി ബന്ധപ്പെട്ട് നാല് അത്യാധുനിക നിലയിലുള്ള ഓപ്പറേഷൻ തീയേറ്ററുകൾ വളരെ മനോഹരമായി അവിടെ സെറ്റ് ചെയ്തിട്ടുണ്ട്. അതുകൂടാതെ 98 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുള്ള അമ്മയും

കുഞ്ഞും ബ്ലോക്ക്, അത് വയനാട് ജില്ലയെ സംബന്ധിച്ച് ആ പ്രദേശത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടാണ് അവിടെ അനുവദിച്ചിട്ടുള്ളത്. അവിടേയ്ക്കുവേണ്ടിയുള്ള ഉപകരണങ്ങളും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനോടൊപ്പം ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സംസ്ഥാനത്ത് പൊതുവേ സർക്കാർ ആശുപത്രികളിലെത്തുന്നവരുടെ എണ്ണം ഗണ്യമായി കൂടിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ആവശ്യമായ ഗ്യാപ് അനാലിസിസ് നടത്തി അതിനനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, കോവിഡ് പശ്ചാത്തലത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഐസോലേഷൻ വാർഡുകൾ തീരുമാനിച്ചിരുന്നു. ഷൊർണ്ണൂർ മണ്ഡലത്തിലെ ഐസോലേഷൻ വാർഡ് കഴിഞ്ഞ ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്തിരുന്നു. ഐസോലേഷൻ വാർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനാവശ്യമായ സബ് സ്റ്റാഫിനെ നിയോഗിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയോട് അനുബന്ധമായാണ് ആദ്യഘട്ടത്തിൽ ഐസോലേഷൻ വാർഡുകൾ സജ്ജീകരിച്ചിട്ടുള്ളത്. ഏതാണ്ട് അൻപതോളം ഐസോലേഷൻ വാർഡുകളാണ് ഇതിനോടകം പൂർത്തിയായിട്ടുള്ളത്. പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഐസോലേഷൻ വാർഡുണ്ടാകും. അതിനനുസരിച്ചുള്ള ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

ശ്രീ. അനൂപ് ജേക്കബ്: സർ, രണ്ട് ഗവൺമെന്റ് ഉത്തരവുകളെക്കൂട്ടികൊണ്ട് എറണാകുളം ഡി.എം.ഒ. 07-05-2024-ൽ ആരോഗ്യ ബ്ലോക്ക് റവന്യൂ ബ്ലോക്കായി പരിവർത്തനപ്പെടുത്തിയപ്പോൾ എന്റെ കോൺസ്റ്റിറ്റ്യുവൻസിയിലെ കീച്ചേരി, രാമമംഗലം എന്നീ സി.എച്ച്.സി.-കളെ എഫ്.എച്ച്.സി.കൾ ആക്കുന്നതിനുപകരം അത് റദ്ദാക്കുകയാണുണ്ടായത്. ഈ രണ്ട് സ്ഥലങ്ങളിലും ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചറും കെട്ടിടസൗകര്യങ്ങളും ജിയോഗ്രാഫിക്കലായി ആപ്റ്റാണ്. കീച്ചേരി എഫ്.എച്ച്.സി. പൂത്തോട്ടയിലേയ്ക്ക് മാറ്റി നൽകുകയുണ്ടായി. അങ്ങനെ മാറ്റാൻ യാതൊരു റിപ്പോർട്ടും ജില്ലാതലത്തിൽനിന്നുമുണ്ടായിട്ടില്ലെന്നാണ് ഞാൻ

അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ഏറെ അടിസ്ഥാന സൗകര്യങ്ങളുള്ള കീച്ചേരി, രാമമംഗലം സി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-യായി ഉയർത്തി നിലനിർത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായ ചില ഇടപെടലുകളുണ്ടാകുന്നുണ്ട്. ആരോഗ്യ വകുപ്പിൽ റവന്യൂ ബ്ലോക്കും ഹെൽത്ത് ബ്ലോക്കും രണ്ടായി നിൽക്കുന്നത് പൊതുജനാരോഗ്യ ഇടപെടലുകൾക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഇതുകാരണം ചില അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾ പ്രശ്നമാകാറുണ്ട്. അതോടൊപ്പം നഗരപ്രദേശങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഇന്റർവെൻഷൻസിന് ചില പ്രശ്നങ്ങളുണ്ട്. അത് ഈ കാലഘട്ടത്തിൽ പരിഹരിക്കുകയാണ്. കുറേ വർഷങ്ങളായി നിലനിന്നുപോന്നിരുന്ന ഒരു വിഷയമാണത്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറ്റൊരു ബ്ലോക്കുതല എഫ്.എച്ച്.സി. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കൊണ്ടുവരികയും ഇവിടെയുള്ളത് മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുവെന്നാണ് അദ്ദേഹം

പറഞ്ഞത്. അദ്ദേഹം പറഞ്ഞപ്പോൾതന്നെ അതെന്താണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാൻ പറഞ്ഞിട്ടുണ്ട്.

## നിയമനത്തിനുള്ള വിശേഷാൽ ചട്ടം

(*453) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയ നിയമനങ്ങൾ പല സ്ഥാപനങ്ങളിലും നടത്താൻ കഴിയുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനത്തിന് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിൽ കാലതാമസം വരുത്തുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) നിശ്ചിത കാലയളവിനുള്ളിൽ വിശേഷാൽ ചട്ടം തയ്യാറാക്കി പി.എസ്.സി.-ക്ക് നൽകാൻ അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി.-ക്ക് വിട്ട നിയമനങ്ങളിൽ താൽക്കാലിക നിയമനം നടത്തുന്നവർക്കെതിരെ എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും നിയമനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി കമ്പനി/ബോർഡ്/കോർപ്പറേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടികളാണ് ഈ സർക്കാരും മുൻസർക്കാരും സ്വീകരിച്ചത്. നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങൾക്കായി വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ അതത് ഭരണവകുപ്പുകളിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. വിശേഷാൽ ചട്ട രൂപീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി 'ടാസ്ക് ഫോഴ്സ് '

രൂപീകരിക്കുകയും നിർദിഷ്ട ഇടവേളകളിൽ സമിതി ചേർന്ന് വിശേഷാൽ ചട്ട രൂപീകരണത്തിന്റെ സ്ഥിതി വിലയിരുത്തി അവ ത്വരിതഗതിയിൽ പൂർത്തിയാക്കാൻവേണ്ട നിർദ്ദേശം നൽകിവരികയും ചെയ്യുന്നുണ്ട്.

(ബി) സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് നിലവിലുള്ള ജീവനക്കാർക്ക് സർവ്വീസ് സംബന്ധമായ ബുദ്ധിമുട്ടുകളുണ്ടാകാത്ത വിധത്തിൽ മാത്രമേ വിശേഷാൽ ചട്ട രൂപീകരണം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിന് കരട് ചട്ടം തയ്യാറാക്കി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി നിയമ വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളുമായി കൂടിയാലോചിക്കുക, സെക്രട്ടറിതല കമ്മിറ്റിയുടെ അംഗീകാരം തേടുക, പി.എസ്.സി.-യുടെ ഉപദേശം തേടുക, ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ അനുമതി തേടുക തുടങ്ങി വിശദമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതുള്ളതിനാൽ വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇത് കണക്കിലെടുത്ത് നിശ്ചിത സമയപരിധിക്കുള്ളിൽ വിശേഷാൽ ചട്ട രൂപീകരണത്തിനുള്ള നടപടികൾ

പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 07-07-2023-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിയമന ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കാൻ എല്ലാ ഭരണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടും വിശേഷാൽ ചട്ടങ്ങൾ/റിക്രൂട്ട്മെന്റ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ വിശേഷാൽ ചട്ട രൂപീകരണം വിലയിരുത്തുന്നതിനും അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതിനുമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, ധനകാര്യ വകുപ്പ്, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, നിയമ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായി ' ടാസ്ക് ഫോഴ്സ് ' രൂപീകരിച്ചിട്ടുണ്ട്.

(ഡി) നിയമനങ്ങൾ പി.എസ്.സി.-ക്കുവിട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമന ചട്ടങ്ങൾ തയ്യാറാക്കിയ ശേഷം പി.എസ്.സി. മുഖേന മാത്രമേ നിയമനം നടത്താൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭരണപരമായ പ്രവർത്തനത്തിന് ഏറ്റവും അത്യാവശ്യമായ നിയമനങ്ങൾ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്നും ഇക്കാലയളവിൽ ഇത്തരം തസ്തികകളിലേയ്ക്ക് സ്ഥിരനിയമനങ്ങൾ നടത്തരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സ്പെഷ്യൽ റൂൾസും മറ്റ് നടപടിക്രമങ്ങളുമുണ്ടാക്കാത്തത് കാരണം ഇത് അനന്തമായി നീണ്ടുപോകുകയാണ്. ഇപ്പോൾ നമ്മുടെ സർവ്വകലാശാലകളിലെ അനധ്യാപക നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. എന്നാൽ അവിടത്തെ അധ്യാപക തസ്തികകളിലെ നിയമനം ഇതുവരെ പി.എസ്.സി.-ക്ക് വിട്ടിട്ടില്ല. അതുകൊണ്ടുതന്നെ സർവ്വകലാശാലകൾ നേരിട്ട് നിയമനം നടത്തുമ്പോൾ സ്വാഭാവികമായും സംവരണതത്വം അട്ടിമറിച്ചുവെന്നും സ്വജനപക്ഷപാതം നടത്തിയെന്നുമൊക്കെ പറഞ്ഞ് ധാരാളം ആരോപണങ്ങൾക്കും സർവ്വകലാശാലകൾ വിധേയമാകാറുണ്ട്. ഈയൊരു ഘട്ടത്തിൽ സർവ്വകലാശാലകളിലെ അധ്യാപക നിയമനങ്ങളും ഇതുപോലെ പി.എസ്.സി.-

ക്ക് വിട്ട് പി.എസ്.സി.-യുടെ കീഴിൽതന്നെ ഒരു സർവ്വകലാശാല റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിച്ച് നിയമനം നടത്താൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, പി.എസ്.സി.-ക്കുവിട്ട സ്ഥാപനങ്ങളിൽ പി.എസ്.സി. റിക്രൂട്ടുചെയ്യുന്നതിന് മുമ്പ് സ്വീകരിക്കേണ്ടതായ നടപടിക്രമങ്ങൾ വേഗത്തിലാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. നമ്മുടെ സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ ഇനിയും പി.എസ്.സി.-യിലൂടെ നിയമനങ്ങൾ നടത്തണമെന്ന് ആഗ്രഹിക്കുന്നവയുണ്ട്. അത് സംബന്ധിച്ചുള്ള നടപടികൾ അതത് ഘട്ടത്തിൽ സ്വീകരിക്കാവുന്നതുമാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ധാരാളം പോസ്റ്റുകളിൽ ഇപ്പോൾ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. പ്രത്യേകിച്ച് ഹയർ സെക്കണ്ടറിയിലെ വിവിധ സബ്ജക്ടുകളിൽ നിയമനം നടത്തുന്നതിനുവേണ്ടി റാങ്ക് ലിസ്റ്റുകൾ തയ്യാറാണ്. നേരത്തെ ഹയർ സെക്കണ്ടറിയിൽ ഫിക്സേഷൻ നടപടിയൊന്നുമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ഹയർ സെക്കണ്ടറിയിൽ ഫിക്സേഷൻ നടപടികളുടെ അടിസ്ഥാനത്തിൽ മാത്രമേ നിയമനം നടക്കൂ, പോസ്റ്റുകൾ ഉറപ്പുവരുത്തൂ എന്ന് പറഞ്ഞ് ഈ ലിസ്റ്റുകളൊക്കെ

കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽപ്പെട്ട എല്ലാ നിയമനങ്ങളും എത്രയും പെട്ടെന്ന് നടത്തുന്നതിന് നടപടിയുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അധ്യാപക സ്റ്റാഫ് ഫിക്സേഷനുമായി ബന്ധപ്പെട്ട ഒരു സമയക്രമം തന്നെയുണ്ട്. അത് അനിശ്ചിതമായി നീട്ടികൊണ്ടുപോകുന്ന ഒരു കാര്യമല്ല, ഓരോ വർഷവും നടക്കുന്ന കാര്യമാണ്. അതിന്റെ ഭാഗമായി എത്ര പേരെയാണോ റിക്രൂട്ട് ചെയ്യേണ്ടത് ആ തരത്തിൽ റിക്രൂട്ട് ചെയ്യാനുള്ള നടപടികളും സ്വീകരിക്കാം. അധ്യാപക തസ്തികകൾ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കുകയെന്നുള്ളത് മാത്രമേയുള്ളൂ. അത് മറ്റ് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതുമല്ല. മറ്റ് തരത്തിൽ പ്രയാസങ്ങൾ അതിന്റെ ഭാഗമായുണ്ടാകില്ല.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഒഴിവുവരുന്ന വേക്കൻസികൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾ, വേക്കൻസികളുണ്ടായിട്ടും റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ നിയമനം നടത്താതെ വച്ചുതാമസിപ്പിക്കുന്ന ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർ, ഇതുവഴി റാങ്ക് ലിസ്റ്റിന്റെ

തൊട്ടടുത്ത് വന്നിട്ടും നീണ്ടകാലത്തെ കാത്തിരിപ്പിനുശേഷം അവസരം കിട്ടാതെ പുറത്തുപോകുന്ന ഉദ്യോഗാർത്ഥികൾ ഇത്തരം വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുക?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള കർക്കശമായ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. അതിന്റെ ഭാഗമായ പരിശോധനകളും നടക്കുന്നുണ്ട്. ഇപ്പോൾ ഫലപ്രദമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന നടപടിക്രമമാണ് സ്വീകരിച്ചുവരുന്നത്.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പി.എസ്.സി. എന്നുപറയുന്ന ഭരണഘടനാ സ്ഥാപനം ഏറെ വിശ്വാസ്യതയും സുതാര്യതയുമുണ്ടാകേണ്ടതാണ്. ഒരു പി.എസ്.സി. അംഗമാകുന്നതിന് ഒരു ഭരണകക്ഷി നേതാവ് 60 ലക്ഷം രൂപ കോഴ ചോദിച്ചുവെന്നും അതിൽ 22 ലക്ഷം രൂപ ആ പാർട്ടി നേതാവിന് കൈമാറിയെന്നും അതുസംബന്ധിച്ച അന്വേഷണം അങ്ങയുടെ പാർട്ടി സെക്രട്ടേറിയറ്റിൽ നടക്കുന്നുണ്ടെന്നതുമാണ് ഇന്നത്തെ ഏറ്റവും വലിയ വാർത്ത.

ഇതിനുമുമ്പും പി.എസ്.സി. അംഗമാകുന്നതിന് ഇത്തരത്തിൽ പണം കൈക്കൂലി കൊടുക്കുന്നതുമായി ബന്ധപ്പെട്ട വാർത്തകൾ വന്നിരുന്നു. ഇത് നമ്മുടെ നാട്ടിൽ ജോലി പ്രതീക്ഷിച്ചിരിക്കുന്ന ചെറുപ്പക്കാരുൾപ്പെടെയുള്ള എല്ലാവർക്കും വലിയ പ്രയാസമുണ്ടാക്കുന്ന വിഷയമാണ്. ഇപ്പോൾ കോഴിക്കോട്ടുനിന്നും ഉയർന്നുവന്നിട്ടുള്ള ഈ ആരോപണം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുണ്ടോ; ഇതിൽ എന്ത് നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കേരളത്തിലെ പി.എസ്.സി. വളരെ പ്രശസ്തമായ രീതിയിൽ ഭരണഘടന ചുമതലപ്പെടുത്തിയതിനനുസരിച്ച് കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഒരു ഏജൻസിയാണ്. ആ സ്ഥാപനത്തെ അല്ലെങ്കിൽ ആ ഭരണഘടനാ സ്ഥാപനത്തെ അപകീർത്തിപ്പെടുത്തുന്നതിനുള്ള ഒട്ടേറെ ശ്രമങ്ങൾ നേരത്തെതന്നെ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. നിർഭാഗ്യകരമായ ഒന്നാണത്. അത് സാധാരണഗതിയിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്. എന്നാൽ അത്തരം കാര്യങ്ങൾ പലപ്പോഴായി ഉയർന്നുവന്നിട്ടുണ്ട്. പി.എസ്.സി. അംഗങ്ങളെ റിക്രൂട്ട് ചെയ്യുന്നതും അവരെ നിയമിക്കുന്നതും ഏതെങ്കിലും തരത്തിലുള്ള

അഴിമതിയുടെ ഭാഗമായിട്ടാണെന്ന് ആർക്കും പറയാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ പി.എസ്.സി. അംഗങ്ങളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു തരത്തിലുള്ള വഴിവിട്ട രീതികളും ഉണ്ടാകാറില്ല. മറ്റുപ്രശ്നങ്ങൾ/തട്ടിപ്പുകൾ പലതരത്തിൽ നാട്ടിൽ നടക്കുന്നുണ്ട്. ഏതെല്ലാം തരത്തിലുള്ള തട്ടിപ്പുകൾ നടത്തുന്നതിനുവേണ്ടിയും ആളുകൾ ശ്രമിക്കാറുണ്ട്. അത്തരത്തിലുള്ള തട്ടിപ്പുകൾ നാട്ടിൽ നടക്കുമ്പോൾ അതിന്റെ ഭാഗമായിട്ടുള്ള നടപടികൾ സ്വാഭാവികമായും ഉണ്ടാകുമെന്നാണ് കാണേണ്ടത്.

ശ്രീ. നജീബ് കാന്തപുരം: സർ, ഇംഗ്ലീഷ് ഭാഷാ അധ്യാപകരുടെ പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ചും ഭാഷാ അധ്യാപകരുടെ നിയമനം നടക്കാത്തതിനാൽ നമ്മുടെ സ്കൂളുകളിൽ പലപ്പോഴും മറ്റുവിഷയങ്ങളിലെ അധ്യാപകർ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സാഹചര്യമാണുള്ളത്. ഇത് കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യത്തെ വളരെ നെഗറ്റീവായി ബാധിക്കുന്നുണ്ട്. ഇവരുടെ നിയമനം സംബന്ധിച്ച് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേകമായി അങ്ങ് ഇടപെടുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ ഫലപ്രദമായ നടപടിയാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കേണ്ടതുമായി ബന്ധപ്പെട്ട് യോഗ്യത സമ്പാദിച്ച അധ്യാപകരായിരിക്കണമെന്ന നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടുള്ള നടപടികൾ ഫലപ്രദമായി തുടർന്നുവരികയാണ്. നേരത്തെയുള്ള അവസ്ഥയാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഇപ്പോഴതിൽ വലിയ മാറ്റംവന്നു. ആ മാറ്റം പ്രവൃത്തിപഥത്തിൽ വന്നുകൊണ്ടിരിക്കുകയാണ്.

**ആർ.സി.സി.യിലെ സൈബർ ആക്രമണം**

(*454) ശ്രീമതി കെ. കെ. രമ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ ക്യാൻസർ സെന്ററിൽ റേഡിയേഷൻ ചികിത്സയ്ക്കുള്ള സോഫ്റ്റ്വെയറിലടക്കം വിദേശ സൈബർ ആക്രമണം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഡിയേഷൻ ചികിത്സയ്ക്കുള്ള സോഫ്റ്റ്‌വെയർ, ഇരുപത് ലക്ഷത്തിലേറെ രോഗികളുടെ ആരോഗ്യവിവരങ്ങളടക്കം സൂക്ഷിച്ചിട്ടുള്ള രണ്ട് പ്രധാന സെർവറുകൾ എന്നിവ ഹാക്ക് ചെയ്യപ്പെട്ടുവെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,

(എ) സൈബർ ആക്രമണം നടന്നിട്ടുണ്ട്. (ബി) റീജിയണൽ ക്യാൻസർ സെന്ററിലെ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലെ M/s GE കമ്പനിയുടെ PACS സോഫ്റ്റ്‌വെയറിലും റേഡിയേഷൻ ഫിസിക്സ് വിഭാഗത്തിലെ M/s VARIAN കമ്പനിയുടെ CITRIX സോഫ്റ്റ്‌വെയറിലുമാണ് 28-04-2024-ന് സൈബർ ആക്രമണമുണ്ടായത്. പക്ഷെ ക്രിട്ടിക്കൽ സിസ്റ്റത്തിൽ ബാധിക്കുന്നതിന് മുമ്പുതന്നെ അത് കണ്ടെത്തുകയും അതിന്റെ പ്രവർത്തനം നിർത്തിവയ്ക്കുകയും ചെയ്തു. സൈബർ ആക്രമണം കണ്ടെത്തിയതിന്റെ ആദ്യ ദിനം മുതൽതന്നെ അതിനെ

മറ്റുകമ്പ്യൂട്ടറുകളിൽ വ്യാപിക്കാതിരിക്കാനുള്ള നടപടികൾ ആർ.സി.സി. സ്വീകരിച്ചിരുന്നു. തുടർന്ന് അടിയന്തരമായി സർക്കാരിനെയും സൈബർ സെക്യൂരിറ്റി വിഭാഗത്തെയും സെർട്ടിനെയും (Computer Emergency Response Team, Kerala) അറിയിക്കുകയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും വിദഗ്ധ സമിതിയുടെയും നേതൃത്വത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ആർ.സി.സി.-യിൽനിന്നും 29-04-2024-ന് ഔദ്യോഗികമായി സൂപ്രണ്ട് ഓഫ് പോലീസ്, സൈബർ ഓപ്പറേഷൻസിന് പരാതി നൽകുകയും അവരുടെ നിർദേശപ്രകാരം 08-05-2024-ന് തിരുവനന്തപുരം പൊലീസ് കമ്മീഷണർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 09-05-2024-ന് സൈബർ ക്രൈം വിഭാഗം 0116/2024 നമ്പറായി FIR രജിസ്റ്റർ ചെയ്യുകയും ചെയ്തു. സൈബർ വിഭാഗവും സെർട്ടും അനാലിസിസ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ 8 ഡെസ്ക്ക് ടോപ് പിസികളിലും 4 സെർവറുകളിലുമാണ് വൈറസ് ബാധിച്ചതെന്ന് കണ്ടുപിടിക്കുകയും തുടർന്ന് ഇൻഫെക്ടഡ് ആയിട്ടുള്ള കമ്പ്യൂട്ടറുകളിലുള്ള വിവരങ്ങൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 5 ദിവസം സ്ഥാപനത്തിലെ

രോഗികളുടെ ചികിത്സ നിർത്തിവയ്ക്കുകയും ആറാം ദിനം പുനരാരംഭിക്കുകയും ചെയ്തു. സൈബർ ആക്രമണം നേരിട്ട മറ്റുകമ്പ്യൂട്ടറുകൾ സൈബർ വിഭാഗവും സെർട്ടും തുടർ പരിശോധനകൾക്കായി ഏറ്റെടുത്തിട്ടുണ്ട്. സൈബർ വിഭാഗത്തിന്റെയും സെർട്ടിന്റെയും നിർദേശപ്രകാരം രോഗികളുടെ ചികിത്സാ രേഖകൾക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനും ഭാവിയിൽ ഇത്തരം സൈബർ ആക്രമണങ്ങൾ വരാതിരിക്കുന്നതിനുമുള്ള നടപടികൾ ആർ.സി.സി. സ്വീകരിച്ചുവരികയാണ്. ബാക്കപ്പ് ഉള്ളതിനാൽ രോഗികളുടെ റേഡിയേഷൻ ചികിത്സ വിവരങ്ങൾ സുരക്ഷിതവുമാണ്.

ശ്രീമതി കെ. കെ. രമ: സർ, ആർ.സി.സി.-ലെ സെർവ്വറിന് നേരെയുണ്ടായ സൈബർ ആക്രമണം സംബന്ധിച്ച് പോലീസിന്റെ സൈബർ വിഭാഗം നടത്തിയ അന്വേഷണത്തിലും ഓഡിറ്റിംഗിലും ആർ.സി.സി.-യുടെ കമ്പ്യൂട്ടർ ശൃംഖലയുടെ സെക്യൂരിറ്റി സിസ്റ്റം വേണ്ടത്ര ഗുണനിലവാരം ഇല്ലായിരുന്നുവെന്ന് കണ്ടെത്തിയതായിട്ടാണ് റിപ്പോർട്ടുകൾ വന്നത്. വളരെയധികം രോഗികളുടെ സ്വകാര്യ വിവരങ്ങളും ആരോഗ്യസംബന്ധമായ വിവരങ്ങളുമെല്ലാം ശേഖരിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന ഈ

സ്ഥാപനത്തിന്റെ ഉപയോഗത്തിനായി വേണ്ടത്ര നിലവാരമില്ലാത്ത സെക്യൂരിറ്റി സംവിധാനമുൾപ്പെടെയുള്ള നെറ്റ്‌വർക്ക് സംവിധാനത്തിന് അനുമതി ലഭിച്ചത് എങ്ങനെയാണെന്നും ഇതിനെ സംബന്ധിച്ചുള്ള വിശദമായ അന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, ഞാൻ ഉത്തരത്തിൽ പറഞ്ഞതുപോലെ ആർ.സി.സി.-യിലെ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലെ M/s GE കമ്പനിയുടെ PACS സോഫ്റ്റ്‌വെയറിലും റേഡിയേഷൻ ഫിസിക്സ് വിഭാഗത്തിലെ M/s VARIAN കമ്പനിയുടെ CITRIX സോഫ്റ്റ്‌വെയറിലുമാണ് സൈബർ ആക്രമണം നടന്നതായി കണ്ടെത്തിയത്. 28-04-2024-ന് വൈകുന്നേരം ഒരു രോഗിയുടെ പരിശോധന റിപ്പോർട്ട് അപ്‌ലോഡ് ചെയ്യാൻ ശ്രമിക്കുന്നതിനിടയിലാണ് അത് ഓപ്പൺ ചെയ്യാൻ സാധിക്കുന്നില്ലെന്ന വിവരം ആർ.സി.സി.-യുടെ ശ്രദ്ധയിൽപ്പെട്ടത്. ഉടൻതന്നെ അവിടത്തെ സൈബർ ഇൻഫർമേഷൻ സിസ്റ്റം ഇതുസംബന്ധിച്ച കാര്യങ്ങൾ അന്വേഷിക്കുകയും മറ്റുസിസ്റ്റത്തിലേയ്ക്ക് ഇത് വ്യാപിപ്പിച്ചിട്ടില്ലെന്ന് ഉറപ്പാക്കുകയും ചെയ്തു. ഏതാണ്ട് മണിക്കൂറുകൾക്കുള്ളിൽത്തന്നെ അവർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അതിനുതൊട്ടടുത്ത ദിവസം രാവിലെ VARIAN കമ്പനിയുടെതായിട്ടുള്ള റേഡിയേഷൻ ഫിസിക്സ് വിഭാഗത്തിലുള്ള ഒരു സിസ്റ്റത്തിലും പരിശോധന റിപ്പോർട്ട് അപ്‌ലോഡ് ചെയ്യാൻ ശ്രമിച്ചപ്പോൾ സാധിക്കാതെ വന്നു. അതിനാൽ ഡാറ്റ എൻക്രിപ്റ്റഡ് ആണെന്നുള്ളത് മനസ്സിലാകുകയും മണിക്കൂറുകൾക്കുള്ളിൽത്തന്നെ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതിൽ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. ഇവ രണ്ട് കമ്പനികളുടെ സോഫ്റ്റ്‌വെയറുകളാണ്. എന്നാൽ ആർ.സി.സി.-യുടെ മേജർ ആയിട്ടുള്ള സിസ്റ്റത്തിനോ സെർവറുകൾക്കോ കേടുപാടുകളോ അതിനെതിരെ ഒരു ആക്രമണമോ നടന്നിട്ടില്ല. അതിന് പ്രധാനപ്പെട്ട കാരണം ആർ.സി.സി.-യുടെ മേജറായിട്ടുള്ള സോഫ്റ്റ്‌വെയറുകൾ/സെർവറുകൾ പ്രൊട്ടക്ടട് ആയിരുന്നു എന്നുള്ളതാണ്. VARIAN കമ്പനിയെ സംബന്ധിച്ചിടത്തോളം ആന്റിവൈറസ് പ്രൊട്ടക്ഷൻ അവരുടെ സിസ്റ്റത്തിൽ വേണ്ടെന്ന നിലപാടാണ് ആദ്യമെടുത്തത്. റിസൽട്ടുകൾ അപ്‌ലോഡ് ചെയ്യുമ്പോഴും അല്ലെങ്കിൽ ഈ സിസ്റ്റത്തിന്റെ പ്രവർത്തനം താമസിക്കുമെന്നതുകൊണ്ടും അവരുടെ കമ്പ്യൂട്ടറുകളിൽ ആന്റിവൈറസ് പ്രൊട്ടക്ഷൻ വേണ്ടെന്നാണ് അതിന്

കാരണമായി പറഞ്ഞത്. കമ്പനിത്തന്നെയാണ് അതിനെ നേരിട്ട് മോണിറ്റർ ചെയ്തുകൊണ്ടിരുന്നത്. എന്നാൽ ആർ.സി.സി.-യുടെ മറ്റുസിസ്റ്റത്തിലോ പേഷ്യന്റ് ഇൻഫർമേഷൻ സംവിധാനത്തിലോ യാതൊരു തരത്തിലുള്ള അക്രമണവും ഉണ്ടായിട്ടില്ല. അത് മികച്ച രീതിയിലുള്ള പ്രൊട്ടക്ഷൻ ഉണ്ടായിരുന്നതുകൊണ്ടാണ്. അതോടൊപ്പംതന്നെ, ഇതുപോലെ ഒരു സൈബർ ആക്രമണം ഉണ്ടായപ്പോൾ ഡൽഹി എയിംസ് ഒരു മാസം പ്രവർത്തനം നിർത്തിവച്ച സാഹചര്യമുണ്ടായിട്ടുണ്ട്. എന്നാൽ ആർ.സി.സി. വളരെ കൃത്യമായി ഇടപെട്ടുകൊണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഐ.ടി. വിദഗ്ധരെയുൾപ്പെടുത്തി സെക്യൂരിറ്റി സംവിധാനം കൂടുതൽ വർധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നത് വളരെ കൃത്യമായി പരിശോധിച്ച് അതിന്റെ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഇരുപത് ലക്ഷത്തോളം രോഗികളുടെ വിവരങ്ങൾ ഹാക്കർമാർ ചോർത്തിയെന്നുള്ള റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്. നെറ്റ്‍വർക്ക് സെക്യൂരിറ്റിയിലെ പോരായ്മയാണ് ഹാക്കർമാരെ ഈ ശൃംഖലയിലേയ്ക്ക് കടന്നുകയറാൻ സഹായിക്കുന്നത്. അതുപോലെത്തന്നെ,

ആർ.സി.സി.-യിലെതുപോലെ സമാനരീതിയിലുള്ള ഇ-ഹെൽത്ത് സംവിധാനം സംസ്ഥാനത്ത് മുഴുവനുമുണ്ട്. ഇ-ഹെൽത്ത് സംവിധാനത്തിൽ ഇതുപോലെയുള്ള രോഗികളുടെ വിവരങ്ങളെല്ലാം ശേഖരിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന പ്രവർത്തനങ്ങളുണ്ട്. ടി പ്രവർത്തനങ്ങളിൽ ഹാക്കിംഗ് നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാനപ്പെട്ട അംഗം രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, ആർ.സി.സി.-യുമായി ബന്ധപ്പെട്ട കാര്യത്തിൽ, ഈ സിസ്റ്റം സംബന്ധിച്ച് നമ്മൾ അറിയേണ്ട വളരെ പ്രധാനപ്പെട്ട കാര്യം രോഗികളുടെ പരിശോധന സംബന്ധിച്ച പ്ലാൻ (രോഗികളുടെ പരിശോധന ഫലം, സ്കാനിംഗ് സംബന്ധിച്ച് അല്ലെങ്കിൽ മറ്റുപരിശോധനകൾ സംബന്ധിച്ച വിവരങ്ങൾ) മാത്രമാണ് ഉണ്ടായിരുന്നത്. അതിൽ രോഗികളുടെ മറ്റുവിവരങ്ങൾ ഉണ്ടായിരുന്നില്ല. ഈ ഡാറ്റ ഹാക്കർമാർ കവർന്നതായിട്ടുള്ള യാതൊരു തെളിവുമില്ലെന്നാണ് ഐ.ടി. വിദഗ്ധർ പറയുന്നത്. അവർ കവർന്നിട്ടുണ്ടായിരുന്നുവെങ്കിൽ ബ്ലാക്ക് വെബ്ബിലുൾപ്പെടെ

അത് പ്രസിദ്ധപ്പെടുത്തുന്ന/വരുന്ന സാഹചര്യമുണ്ടാകുമായിരുന്നു. പക്ഷെ ആർ.സി.സി.-യിലുള്ള ഒരു ഡാറ്റയും ആ രീതിയിൽ ബ്ലാക്ക് വെബ്ബിൽ ഇതുവരെ പ്രത്യക്ഷപ്പെട്ടിട്ടില്ല. അതുകൊണ്ട് ഡാറ്റ ആ രീതിയിൽ ഹാക്ക് ചെയ്യപ്പെട്ടിട്ടില്ല. ഡാറ്റ എൻക്രിപ്റ്റ് ചെയ്തിട്ടുണ്ട്. പക്ഷെ ഹാക്ക് ചെയ്യപ്പെട്ടിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. രണ്ടാമത്തേത്, ഇ-ഹെൽത്തുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. സ്റ്റേറ്റ് ഡാറ്റ സെന്ററിലാണ് ഇ-ഹെൽത്തിന്റെ എല്ലാ ഡാറ്റകളും സൂക്ഷിക്കുന്നത്. അതുമാത്രമല്ല, ആന്റിവൈറസ് സംരക്ഷണമുൾപ്പെടെയുള്ള കാര്യങ്ങൾ അതിൽ കൃത്യമായി ഉറപ്പാക്കിക്കൊണ്ടാണ് ഇ-ഹെൽത്ത് സംവിധാനങ്ങൾ മുന്നോട്ടുപോകുന്നത്. ഇ-ഹെൽത്തിൽ പരിശോധിക്കുന്ന ഡോക്ടർക്ക് രോഗിയുടെ അനുവാദത്തോടെ മാത്രമേ വിവരങ്ങൾ കാണാൻ സാധിക്കുകയുള്ളൂ. അതിൽ രോഗിക്കാണ് പൂർണ്ണ അധികാരമുള്ളത്. മറ്റൊരാൾക്കും ഒരു വ്യക്തിയുടെ മറ്റുവിവരങ്ങൾ (സ്വകാര്യമായ വിവരങ്ങൾ/രോഗവിവരങ്ങൾ) കാണാൻ സാധിക്കുകയില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഒരു വ്യക്തിയുടെ ആരോഗ്യ വിവരമെന്ന് പറയുന്നത് തികച്ചും സ്വകാര്യമാണ്. അതുകൊണ്ട് വികസിത

രാജ്യങ്ങളിലെല്ലാം ഹെൽത്ത് ഇൻഫർമേഷൻ പ്രൊട്ടക്ടഡ് ആണ്. നിയമംമൂലമാണ് അമേരിക്കപോലെയുള്ള രാജ്യങ്ങളിൽ പ്രൊട്ടക്ട് ചെയ്തിട്ടുള്ളത്. ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് യാതൊരു സുരക്ഷയുമില്ലെന്നാണ് ഇത്തരം കാര്യങ്ങൾ കാണിക്കുന്നത്. ആർ.സി.സി.-യുടെ കാര്യം മാത്രമാണ് പുറത്തുവന്നിട്ടുള്ളത്. മറ്റ് ആശുപത്രികളിൽ ഇത്തരം കാര്യങ്ങൾ നടന്നിട്ടുണ്ടോയെന്ന് അന്വേഷിക്കുന്നതിനുള്ള സംവിധാനമുണ്ടോയെന്ന് അറിയില്ല. മറ്റ് ആശുപത്രികളിൽ ഇത്തരം കാര്യങ്ങൾ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അതോടൊപ്പം നിയമംകൊണ്ടുവന്ന് ഇത്തരം കാര്യങ്ങൾ നേരിടുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ ലാഘവത്തോടെയല്ല ആരോഗ്യ വകുപ്പ് ഇതിനെ കാണുന്നത്. നമ്മൾ കാണേണ്ടത്, ആർ.സി.സി.-യിൽ ഒരു രോഗിയുടെ പരിശോധനയുടെ ഡാറ്റ സിസ്റ്റത്തിൽ അപ്‌ലോഡ് ചെയ്യാൻ കഴിയുന്നില്ല. എന്തുകൊണ്ട് ഡാറ്റ അപ്‌ലോഡ് ചെയ്യാൻ കഴിയുന്നില്ലായെന്നുള്ളത്

സംബന്ധിച്ച് ഉടൻതന്നെ അവിടെ പരിശോധനയുണ്ടായി. അവിടെയാണ് ചില സിസ്റ്റത്തിൽ ചില പി.സി.-കളിൽ ആ രീതിയിൽ ഒരു ഡാറ്റ ഇൻസ്ക്രിപ്ഷനൊക്കെ നടന്നിട്ടുണ്ടെന്നുള്ളത് കണ്ടെത്തിയിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ ജി.ഇ. കമ്പനി, വേരിയൻ കമ്പനി എന്നിവയുമായി ബന്ധപ്പെട്ട നാല് സെർവറുകളാണ് ആ രീതിയിൽ അറ്റാക്ക് ചെയ്യപ്പെട്ടിട്ടുള്ളത്. ഫയർവാൾ ഉൾപ്പെടെ മറ്റ് സുരക്ഷിത സംവിധാനങ്ങൾ ആർ.സി.സി.-യിൽ ഉണ്ടായിരുന്നതുകൊണ്ടാണ് ലക്ഷക്കണക്കിനാളുകൾ വന്നുപോകുന്ന ഒരു സ്ഥാപനത്തിലെ മേജർ കമ്പ്യൂട്ടർ സിസ്റ്റത്തെ തൊടുവാൻ അവർക്ക് സാധിക്കാത്തതിന്റെ പ്രധാന കാരണം. അതുമാത്രമല്ല, ഞാൻ തുടക്കത്തിൽ സൂചിപ്പിച്ച രാജ്യത്തെ ഏറ്റവും മികച്ച ആരോഗ്യ സ്ഥാപനങ്ങളിലൊന്നാണ് ഡൽഹി എയിംസ്. അവിടെ ഒരുമാസമാണ് ടോട്ടൽ ഷട്ട്ടൗണുണ്ടായത്. കൃത്യമായിട്ടുള്ള ബാക്കപ്പുണ്ടായിരുന്നു. അതിനാൽ റേഡിയേഷൻ ആറാമത്തെ ദിവസം പുനരാരംഭിക്കുന്നതിന് സാധിച്ചു. ഈയൊരു സംഭവമുണ്ടായ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ, സൈബർ വിഭാഗം വളരെ കൃത്യമായി ഇടപെട്ടിട്ടുണ്ട്.

അതിന്റെ അന്വേഷണം സൈബർ പോലീസും നടത്തുന്നുണ്ട്. അതോടൊപ്പം ഐ.റ്റി വിദഗ്ധരുടെ നേതൃത്വത്തിൽ ആർ.സി.സി.-മാത്രമല്ല, മലബാർ ക്യാൻസർ സെന്ററുൾപ്പെടെയുള്ള ഡി.എച്ച്.എസ്., ഡി.എം.ഇ.-യുടെയും കീഴിലുള്ള സ്ഥാപനങ്ങളിൽ എന്തൊക്കെ സൗകര്യങ്ങൾ ചെയ്യണം; നിലവിലുള്ളതിന്റെ ഒരു ആഡിറ്റ് നടത്തുന്നതിന് തീരുമാനിക്കുകയും ആ രീതിയിലുള്ള പരിശോധനകൾ നടക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, ആരോഗ്യ ഡാറ്റ 'സ്പ്രിംഗ്ളർ' എന്ന സ്ഥാപനത്തിന് നൽകിയത് വിവാദമായിരുന്നു. അതിനുശേഷം ആരോഗ്യ ഡാറ്റ സംരക്ഷിക്കാൻ സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, അതിനുശേഷം എന്നുള്ളതല്ല, ഞാൻ നേരത്തെ ഉത്തരത്തിൽ സൂചിപ്പിച്ചു. കേരളത്തെ സംബന്ധിച്ചിടത്തോളം ഡാറ്റ പോളിസി, വളരെ കൃത്യമായി അല്ലെങ്കിൽ ശക്തമായി ഒരു വ്യക്തിയുടെ പ്രൈവസി എത്രത്തോളം എൻഷ്വർ ചെയ്യാമോ, രാജ്യത്ത് നിലനിൽക്കുന്ന നിയമമനുസരിച്ചുള്ള എല്ലാ പ്രൊട്ടക്ഷനുകളും അല്ലെങ്കിൽ പ്രൈവസി കീപ്പ്

ചെയ്യുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. അതുകൊണ്ടാണ് നേരത്തെ സൂചിപ്പിച്ച ഇ-ഹെൽത്ത് സംവിധാനത്തിൽ നമ്മുടെ സ്റ്റേറ്റ് ഡാറ്റ സെന്ററിലാണ് ഇക്കാര്യങ്ങൾ സൂക്ഷിക്കുന്നത്. ഇതിലേതെങ്കിലും തരത്തിലുള്ള ഒരു വിഷയമുണ്ടാകുന്നതിന് ഇടയാക്കാത്ത രീതിയിലുള്ള പ്രവർത്തനമാണ് നടക്കുന്നത്. അതുകൊണ്ടാണ് ആർ.സി.സി.-യിലും ഇത്തരത്തിലുള്ള സൈബർ അറ്റാക്ക് തുടങ്ങിയപ്പോൾത്തന്നെ അത് കണ്ടുപിടിക്കുന്നതിനും അത് മറ്റിടങ്ങളിലേയ്ക്ക് വ്യാപിക്കാതിരിക്കുന്നതിനും തടയുന്നതിനും സാധിച്ചത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: ഗോൾഡ് മൈനും അതുപോലെ ഓയിൽ റിസർവിനെക്കാൾ സാമ്പത്തികമായിട്ടുള്ള ഏറ്റവും വലിയ സൗകര്യം കിട്ടുന്ന ഒന്നാണ് ഡാറ്റ എന്നത്. ആരോഗ്യമേഖലയിലെ ഡാറ്റ മെഡിസിൻ കമ്പനികളുമായി ബന്ധപ്പെട്ട് അതിപ്രധാനമാണ്. കനേഡിയൻ കമ്പനിക്ക് കിരൺ സർവ്വേ ചോർത്തി നൽകിയെന്ന് കാരമവൻ മാഗസീൻ വളരെ ഡീറ്റെയിൽഡായ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ച നടപടികൾ പ്രൊട്ടക്റ്റ് ചെയ്യാനും അത് റിട്രീവ് ചെയ്യാനും അതിന്മേലുള്ള ആക്ഷൻസും സ്വീകരിച്ചോ; കേരളത്തിന്റെ സമ്പൂർണ്ണമായ ഹെൽത്ത് ഡാറ്റ

പ്രൊട്ടക്ഷൻ പ്രൈവറ്റ് മേഖലയിലും സർക്കാർ മേഖലയിലുമുള്ള ഡാറ്റകൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, വളരെ സുരക്ഷിതമായി ഡാറ്റ സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. ഇതിന്റെ ഭാഗമായി ഞാനിവിടെ സൂചിപ്പിച്ചത് വീണ്ടും ആവർത്തിക്കുന്നില്ല. ആർ.സി.സി. നമ്മുടെ മുന്നിലുള്ള നല്ല ഉദാഹരണമാണ്. കാരണം ആഗോളതലത്തിൽ ഈ രീതിയിലുള്ള ransomware attack-കളുണ്ടാകുന്നുണ്ട്. ഇങ്ങനെയുള്ള സൈബർ അറ്റാക്കുകളിൽ വലിയ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാവുന്ന സാഹചര്യം രാജ്യത്തുതന്നെ പല സ്ഥാപനങ്ങളിലുമുണ്ട്. പക്ഷേ കേരളത്തിൽ ഇങ്ങനെയൊരനുഭവം ആർ.സി.സി.യിലുണ്ടായപ്പോൾ, 2010-ൽ ഫയർവാൾ സംബന്ധിച്ചിട്ടുള്ള കാര്യങ്ങൾ ഇംപ്ലിമെന്റ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. ആ രീതിയിൽ ഡാറ്റ സംബന്ധിച്ചും രോഗികളുടെ ഡാറ്റ സംബന്ധിച്ചുമുള്ള സുരക്ഷിതത്വം ഉറപ്പാക്കി മുന്നോട്ടുപോകുന്നുണ്ട്. ഈ കാലഘട്ടത്തിനനുസൃതമായിട്ടുള്ള സാങ്കേതികവിദ്യ

ഉപയോഗിച്ചുകൊണ്ട് അത് പരിഷ്കരിക്കുന്നതിനുവേണ്ടിയിട്ടുള്ള ശ്രമവും സർക്കാർ നടത്തിയിട്ടുണ്ട്. അത് തുടർന്നും അങ്ങനെതന്നെ ചെയ്യും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഡാറ്റ പ്രൊട്ടക്ഷൻ ലോകത്തുതന്നെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഒരു വ്യക്തിയുടെ personal health data is very important, Even Supreme Court has given so many directions on that" നമ്മൾ കണ്ടുപിടിച്ചതുകൊണ്ടാണ്. ഇതൊരു ചെറിയ ഉദാഹരണമാണ്. ലോകത്തുള്ള ഏറ്റവും വലിയ ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്ക് ഏറ്റവും ആവശ്യം ഈ ഇൻഫർമേഷനാണ്. അതുകൊണ്ട് കേരളത്തിൽ, ഇപ്പോൾ ആർ.സി.സി.-യിലെ കാര്യം മാത്രമാണ്. " So we have to evolve a system to protect this. And we have to findout a mechanism, so that this should not be happened again" . ഇന്ന് കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഹെൽത്തിന് വളരെ പ്രാധാന്യം കൊടുക്കുന്ന സംസ്ഥാനമായതുകൊണ്ടുതന്നെ ഇവിടത്തെ ഹെൽത്ത് ഡാറ്റ വാങ്ങി വലിയ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ അവർക്കാവശ്യമുള്ള മരുന്നുകൾ നിർമ്മിക്കുന്നു. അതിലൂടെ ധാരാളം

ലാഭമുണ്ടാക്കുന്നു. അതിനുവേണ്ടി ഒരു മെക്കാനിസമുണ്ടാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ, ആധുനിക കാലഘട്ടത്തിൽ ഏറ്റവും വിലപിടിപ്പുള്ളത് ഡാറ്റയാണ്. അതുകൊണ്ടുതന്നെയാണ് ഡാറ്റ പ്രൊട്ടക്റ്റഡാണെന്ന് ഉറപ്പുവരുത്തുന്നതിനും അതിൽ പ്രൈവസി സൂക്ഷിക്കുന്നതിനുമുള്ള സാധ്യമായ എല്ലാ നടപടികളും നിയമപരമായിത്തന്നെ സർക്കാർ സ്വീകരിക്കുന്നത്. ഈയൊരു അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു ഓഡിറ്റ് നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ചെറുതും വലുതുമായ എല്ലാ സ്ഥാപനങ്ങളിലും ഓഡിറ്റ് നടത്തി, നിലവിലുള്ള ആന്റിവൈറസ് പ്രൊട്ടക്ഷൻ സംവിധാനങ്ങളിലും മറ്റു സംവിധാനങ്ങളിലും കാലോചിതമായ മറ്റെന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നുള്ളതുകൂടി പരിശോധിച്ച് ഐ.റ്റി. വിദഗ്ധരുടെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ അതുകൂടി സ്വീകരിക്കണമെന്നുള്ളത് തീരുമാനിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ഈ സാഹചര്യത്തിൽക്കൂടി നടത്തുന്നുണ്ട്.

## കനത്ത ചൂടിനെ അതിജീവിക്കുന്നതിനുള്ള ക്രമീകരണങ്ങൾ

(*455) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇത്തവണ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായ അതികഠിനമായ ചൂടിനെ അതിജീവിക്കുന്നതിനും ഉഷ്ണതരംഗ സാധ്യതകൾ കണക്കിലെടുത്തും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദുരന്തനിവാരണ അതോറിറ്റിയുടെ അവലോകനയോഗത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ തീരുമാനിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തീരുമാനപ്രകാരം സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിലും മറ്റും എന്തെല്ലാം ക്രമീകരണങ്ങൾ വരുത്തുന്നതിനാണ് നിർദേശം നൽകിയതെന്ന് വിശദീകരിക്കാമോ;

(സി) കനത്ത ചൂടിനെ തുടർന്ന് സംസ്ഥാനത്ത് ഇത്തവണയുണ്ടായ കൃഷിനാശത്തിന്റെ തോത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ നഷ്ടമാണുണ്ടായതെന്ന് വ്യക്തമാക്കുമോ;

(ഡി) കൃഷിനാശമടക്കമുള്ളവയുടെ നഷ്ടപരിഹാരത്തിനായി കേന്ദ്ര സർക്കാർ സഹായം നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി) ചരിത്രത്തിലാദ്യമായി കേരളത്തിൽ തുടർച്ചയായ ദിവസങ്ങളിൽ ഉഷ്ണതരംഗം ഔദ്യോഗികമായി സ്ഥിരീകരിച്ച വർഷമാണ് 2024. നിരവധി ദിവസം പലസ്ഥലത്തും ഉയർന്ന താപനില 40 ഡിഗ്രിക്ക് മുകളിലായിരുന്നു. എല്ലാ ജില്ലകളിലും അസാധാരണമായ ചൂട് നിലനിന്നിരുന്നു. അന്തരീക്ഷത്തിലെ ആർദ്രത (humidity) വർദ്ധിച്ചതും തീരദേശ സംസ്ഥാനമായ നമുക്ക് കടുത്ത പ്രയാസമാണുണ്ടാക്കിയത്. സൂര്യതാപം വർദ്ധിച്ചതുമൂലം നിരവധി ആരോഗ്യപ്രശ്നങ്ങളും മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്ന് നിലനിന്നിരുന്ന സാഹചര്യം വിലയിരുത്തി പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിരുന്നു.

02-05-2024-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം ജനങ്ങൾ പാലിക്കേണ്ടതും ജില്ലാ

ദുരന്തനിവാരണ അതോറിറ്റിയും ബന്ധപ്പെട്ട വകുപ്പുകളും ഏറ്റെടുത്ത് നടത്തേണ്ടതുമായ താഴെ പറയുന്ന തീരുമാനങ്ങളാണെടുത്തത്.

1. വേനൽക്കാല മുൻകരുതലിന്റെ ഭാഗമായി ജില്ലകളിൽ നടത്തിവരുന്ന നടപടികൾ കൂടുതൽ ജാഗ്രതയോടെ തുടരുക.
2. പകൽ 11 മണി മുതൽ 3 മണിവരെ നേരിട്ടുള്ള സൂര്യതാപം ഏൽക്കാതിരിക്കുക. നിർജ്ജലീകരണം തടയുന്നതിന് ആവശ്യത്തിന് വെള്ളം കുടിക്കുന്നതിന് ഓരോ വ്യക്തിയും ശ്രദ്ധിക്കുക.
3. ഈ സമയത്ത് നിർമ്മാണത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ തുടങ്ങിയവർ വെയിലിൽ ജോലി ചെയ്യുന്നത് ഒഴിവാക്കുക.
4. ഒപ്പം വെക്കേഷൻ ക്ലാസുകൾ ഒഴിവാക്കുക. എന്നാൽ ഓൺലൈൻ ക്ലാസുകൾ നടത്താവുന്നതാണ്.
5. പരേഡുകൾ, NCC, കായിക മത്സരങ്ങൾ എന്നിവ ഒഴിവാക്കുക.
6. ആസ്ബസ്റ്റോസ്, അലുമിനിയം ഷീറ്റുകളുള്ള വീടുകളിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ താൽക്കാലികമായി ക്യാമ്പുകളിലേയ്ക്ക് മാറ്റിപാർപ്പിക്കുക.

7. ചൂടിന്റെ കാഠിന്യമേറിയ സമയങ്ങളിൽ കന്നുകാലികളെ മേയാൻ വിടുന്നത് ഒഴിവാക്കുക.

8. ആദിവാസികൾക്കും തോട്ടം തൊഴിലാളികൾക്കും മറ്റും കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുക.

9. ആശുപത്രികൾ, സ്കൂളുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിലെ മാലിന്യ കൂമ്പാരങ്ങളിൽ കൃത്യമായി ഫയർ ഓഡിറ്റ് ചെയ്യുക.

10. കാട്ടുതീ ഒഴിവാക്കുന്നതിന് ഫോറസ്റ്റ് ഓഫീസർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക.

11. സംസ്ഥാനത്തൊട്ടാകെ കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനോടൊപ്പം മുമ്പ് നട്ടുപിടിപ്പിച്ചവ പരിപാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക.

(സി) വരൾച്ച ബാധിത കൃഷിയിടങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന പരിശോധിച്ച് നഷ്ടം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം 46,587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചുവെന്നും ഇത് 257.12 കോടി രൂപയോളം വരുമെന്നും കണക്കാക്കിയിട്ടുണ്ട്. ഉല്പാദന നഷ്ടവും വിപണി മൂല്യത്തിന്റെ

കുറവുംകൂടി കണക്കാക്കുമ്പോൾ 118.69 കോടി രൂപയുടെ നഷ്ടമുണ്ടായതായി വിലയിരുത്തിയിട്ടുണ്ട്.

പ്രധാന വിളകളുടെ കൃഷിനാശം ഹെക്ടറിൽ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| നെല്ല് - 6369 | വാഴ - 2884 | കുരുമുളക് - 3182 |
| തെങ്ങ് - 521 | ഏലം - 30536 | അടയ്ക്ക - 1577 |
| കാപ്പി - 261 | ജാതി - 303 | കൊക്കോ - 61 |
| റബർ - 336 | പച്ചക്കറി വിളകൾ - 603 | പഴവർഗ്ഗങ്ങൾ - 100 |

ഇടുക്കിയിൽ 15,731 ഹെക്ടറിലെ ഏലം കൃഷി നശിച്ചു.

(ഡി) പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിന് സംസ്ഥാന-കേന്ദ്രവിഹിതം ഉൾപ്പെടുന്ന തോതിലുള്ള ധനസഹായം നൽകിവരുന്നു. സംസ്ഥാനത്ത് നിലനിന്ന സാഹചര്യം വിലയിരുത്തി കേന്ദ്രത്തിൽനിന്നും പ്രത്യേക ധനസഹായം ലഭിച്ചിട്ടില്ല. കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ, ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്തിട്ടുള്ള term ഷീറ്റുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച നിരക്കുപ്രകാരം ആനുകൂല്യവും നൽകുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, കാലാവസ്ഥാ വ്യതിയാനം കാർഷിക, കാർഷികേതര മേഖലയിൽ വമ്പിച്ച പ്രതിസന്ധിയുണ്ടാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് കേന്ദ്രം നൽകുന്ന തുകയും നമ്മുടെ സംസ്ഥാനത്തിന് നൽകുന്ന തുകയും തമ്മിൽ എന്തെങ്കിലും അന്തരമുണ്ടാകുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് പ്രത്യേകമായി പരിശോധിക്കണം. ഇപ്പോൾ എന്റെ കൈവശം വിവരങ്ങളില്ല.

ശ്രീ. മുരളി പെരുനെല്ലി: സർ, കാലാവസ്ഥാ വ്യതിയാനമുണ്ടാക്കുന്ന നാശനഷ്ടത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഈ വിഷയം ഗൗരവതരമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സാമ്പത്തിക സ്ഥിതിയെ ബാധിക്കുമല്ലോ? കാരണം, ഏലം ആകെ കരിഞ്ഞുപോയില്ലേ? ഈ വർഷം മാത്രമല്ല വരാനിരിക്കുന്ന വർഷങ്ങളെയടക്കമല്ലേ ബാധിക്കുക. എല്ലാ

സംസ്ഥാനങ്ങളെയും നമ്മുടെ രാജ്യത്തെയും ലോകത്തെത്തന്നെയും അതീവഗുരുതരമായി ബാധിക്കുന്ന ഒന്നാണ് കാലാവസ്ഥാ വ്യതിയാനം. 2023 ആയിരുന്നു നേരത്തെ ഏറ്റവും കൂടുതൽ ചൂടുള്ള വർഷം എന്നുപറഞ്ഞത്. 2024 ആയപ്പോൾ അത് കടത്തിവച്ചുവെന്നുള്ളതാണ് ഇപ്പോഴുണ്ടാകുന്ന അനുഭവം. അതിന്റെ കണക്ക് വന്നിട്ടില്ല. ഇതാണ് ലോകത്താകെയുണ്ടാകുന്ന അവസ്ഥ. നമ്മുടെ നാട്ടിലാണെങ്കിൽ മൂന്നും നാലും ഡിഗ്രിയും അതിൽക്കൂടുതലും വർദ്ധനവാണുണ്ടാകുന്നത്. ഇതെല്ലാം ഗൗരവമായ പ്രശ്നമായി ഇനിയുള്ള വർഷങ്ങളിലും നാം നേരിടേണ്ടിവരുമെന്നാണ് കാണേണ്ടത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, മനുഷ്യ-വന്യജീവി സംഘർഷം ലോകത്താകെ വർദ്ധിക്കുകയാണ്. വനത്തിനുള്ളിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുണ്ടായിട്ടുള്ള വന്യജീവികളുടെ ആവാസ വ്യവസ്ഥയിലുണ്ടായിട്ടുള്ള മാറ്റമാണ് ഇതിന് കാരണമെന്ന് പറയപ്പെടുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും ഔദ്യോഗിക വിശദീകരണം ലഭ്യമാണോ?

ശ്രീ. പിണറായി വിജയൻ: സർ, മനുഷ്യ-വന്യജീവി സംഘർഷമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ഗൗരവമായാണ് സംസ്ഥാനം

കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. കുറേക്കൂടി ശാസ്ത്രീയമായ നടപടികൾ അക്കാര്യത്തിൽ സ്വീകരിക്കേണ്ടതായിട്ടുണ്ട്. പക്ഷെ ഇത് നമ്മുടെ സംസ്ഥാനത്തിന് മാത്രമായി നിർവ്വഹിക്കാൻ കഴിയാത്ത തരത്തിലുള്ള അത്രയും ഗൗരവമായ സാമ്പത്തിക ബാധ്യത വരുന്നൊരു പ്രശ്നമാണ്. അതുകൊണ്ടാണ് ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെകൂടി സഹായം വേണമെന്ന് ആവശ്യപ്പെടുന്നത്. പക്ഷെ കേന്ദ്ര ഗവൺമെന്റ് അത്തരം കാര്യങ്ങളിൽ സഹായിക്കാൻ തയ്യാറാകുന്നില്ലെന്ന ഒരു ദുരവസ്ഥ നിലനിൽക്കുകയാണ്. നമുക്കെന്താണോ കഴിയുന്നത് അതുവച്ചുകൊണ്ട് കാര്യങ്ങൾ നിർവ്വഹിക്കുക എന്നുള്ളതാണ് നാം ഇപ്പോൾ തയ്യാറെടുത്തുകൊണ്ടിരിക്കുന്നത്. സംസ്ഥാനം ഫലപ്രദമായ നടപടികൾ ഇക്കാര്യത്തിൽ നിർവഹിക്കണമെന്നുതന്നെയാണ് കാണുന്നത്. അത്തരം ചില നടപടികൾ സ്വീകരിക്കാനുള്ള തയ്യാറെടുപ്പുകൾ സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി അനുഭവപ്പെടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന്

കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും പദ്ധതികളോ സഹായങ്ങളോ ലഭിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റ് എന്നൊരു വിവേചനമുണ്ടാകാൻ പാടില്ലാത്തതാണ്. ഇത് രാജ്യത്തെയാകെ ബാധിക്കുന്ന പ്രശ്നമാണ്. അത് കണ്ടുകൊണ്ടുള്ള നടപടികളാണ് കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. പക്ഷേ നമ്മുടെ അനുഭവം ആ തലത്തിൽ ഉണ്ടാകുന്നില്ലായെന്നുള്ളതാണ്. അതുണ്ടാകുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

--------------------